പുസ്തകം 2 ലക്കം 3.
ജൂലായ് – സെപ്തംബർ 2013

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. പ്രദോഷ ശിവസ്തുതി

2

2. ലളിതാസഹസ്രനാമം വ്യാഖ്യാനം

4

3. നന്ദികേശ്വര കാശികാ വ്യാഖ്യാനം

7

4. സംസ്കൃതപഠനം

8

5. തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

13

6. ജ്യോതിഷം – ഉപയോഗവും ദുരുപയോഗവും

17

7. അമ്മ മമ്മിയായാൽ

26

8. ക്ഷേത്രം മഹാസാധകൻ

29

9. ഔഷധസസ്യങ്ങൾ – 2 കടുക്ക

32

മുഖചിത്രം

ദേവതാ : ശൈലപുത്രി

# പ്രദോഷ ശിവസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

വൃത്രാസുരവധത്തിനായി വജ്രപാണിയായ ഇന്ദ്രനെ ബൃഹസ്പതി വിജയപ്രാപ്തിക്ക് ലിംഗരൂപിയായ ശിവന്റെ പൂജയും പ്രദക്ഷിണ നമസ്കാരാദികളും ഉപദേശിക്കുന്നു. ഇതെല്ലാം പ്രദോഷസമയത്താണ് നടത്തേണ്ടതെന്നും പറയുന്നു. കൂടാതെ എല്ലാ വിജയങ്ങൾക്കും മംഗളസിദ്ധിക്കും പ്രദോഷസമയത്ത് ചൊല്ലേണ്ടതായ സ്തുതിയേയും ബൃഹസ്പതി ഇന്ദ്രന് ഉപദേശിച്ചുകൊടുക്കുന്നു. ആ സ്തുതി താഴെ കൊടുക്കുന്നു.

1. നമോ രുദ്രായ ഭീമായ
   നീലകണ്ഠായ വേധസേ
   കപർദ്ദിനേ സുരേശായ
   വ്യോമകേശായ വൈ നമഃ

2. വൃഷധ്വജായ സോമായ
   നീലകണ്ഠായ വൈ നമഃ
   ദിഗംബരായ ഭർഗ്ഗായ
   ഉമാകാന്തകപർദ്ദിനേ

3. തപോമയായ വ്യാപ്തായ
   ശിപിവിഷ്ടായ വൈ നമഃ
   വ്യാളപ്രിയായ വ്യാളായ
   വ്യാളാനാം പതയേ നമഃ

4. മഹീധരായ വ്യാഘ്രായ
   പശൂനാം പതയേ നമഃ
   ത്രിപുരാന്തകസിംഹായ
   ശാർദ്ദൂലോഗ്രവരായ ച

5. മീനായ മീനനാഥായ
   സിദ്ധായ പരമേഷ്ഠിനേ
   കാമാന്തകായ ബുദ്ധായ
   ബുദ്ധീനാം പതയേ നമഃ

6. കപോതായ വിശിഷ്ടായ
   ശിഷ്ടായ പരമാത്മനേ
   വേദായ വേദബീജായ
   ദേവഗുഹ്യായ വൈ നമഃ

7. ഗജാസുരവിനാശായ
ഹ്യന്ധകാസുരഭേദിനേ
നീലലോഹിതശ്ശുക്ലായ
ചണ്ഡമുണ്ഡപ്രിയായ ച

8. ഭക്തിപ്രിയായ ദേവായ
ജ്ഞാനജ്ഞാനാവ്യയായ ച
മഹേശായ നമസ്തുഭ്യം
മഹാദേവഹരായ ച

9. ത്രിനേത്രായ ത്രിവേദായ
വേദാംഗായ നമോ നമഃ
അർത്ഥായ അർത്ഥരൂപായ
പരമാർത്ഥായ വൈ നമഃ

10. വിശ്വരൂപായ വിശ്വായ
വിശ്വനാഥായ വൈ നമഃ
ശങ്കരായ ച കാലായ
കാലാവയവരൂപിണേ

11. അരൂപായ ച സൂക്ഷ്മായ
സൂക്ഷ്മസൂക്ഷ്മായ വൈ നമഃ
ശ്മശാനവാസിനേ തുഭ്യം
നമസ്തേ കൃത്തിവാസസേ

12. ശശാങ്കശേഖരായ വൈ
രുദ്രവിശ്വാശ്രയായ ച
ദുർഗ്ഗായ ദുർഗ്ഗസാരായ
ദുർഗ്ഗാവയവസാക്ഷിണേ

13. ലിംഗരൂപായ ലിംഗായ
ലിംഗാനാം പതയേ നമഃ
നമഃ പ്രണവരൂപായ
പ്രണവാർത്ഥായ വൈ നമഃ

14. നമോ നമഃ കാരണകാരണായ തേ
മൃത്യുഞ്ജയായാത്മഭവസ്വരൂപിണേ
ത്ര്യംബക ശിതികണ്ഠ ഭർഗ ഗൗരീപ
തേ സകലമംഗളഹേതവേ നമഃ

# ലളിതാസഹസ്രനാമം വ്യാഖ്യാനം – 7

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

**മന്ദസ്മിതപ്രഭാപൂരമജ്ജത്കാമേശമാനസാ**

ചെറുപുഞ്ചിരിയുടെ പ്രഭയിൽ കാമേശന്റെ മനസ്സിനെ മുക്കിയവൾ.

സല്ലാപത്തിനുശേഷമുള്ള ദേവിയുടെ ചെറുപുഞ്ചിരിയെപ്പറ്റിയാണ് ഈ നാമത്തിൽ പറയുന്നത്. സല്ലാപത്തിൽ ദേവിയുടെ സ്വരമാധുര്യത്തെ വർണ്ണിച്ചു. അതിനെ പിൻതുടർന്നുള്ള ചെറുപുഞ്ചിരിയാണ് ഈ നാമത്തിൽ. ഇപ്രകാരം ദേവിയുടെ വർണ്ണനാപരമായ ഒരു ഒഴുക്ക് ഈ സഹസ്രനാമത്തിൽ കാണാം. സല്ലപിക്കുന്ന ദേവിക്ക് പ്രകൃത്യാ ഉള്ളതാണ് മന്ദസ്മിതം. ഇത് ദേവിയുടെ ആനന്ദാവസ്ഥയെ കാണിക്കുന്നു.

ഈ നാമത്തിന്റെ പരിപൂർണ്ണ അർത്ഥപ്രാപ്തിക്ക് പരമശിവന്റെ കാമേശനെന്ന അർത്ഥലബ്ധിക്കു പിന്നിലുള്ള പുരാവൃത്തം മനസ്സിലാക്കേണ്ടതുണ്ട്. പരമശിവൻ സതീദഹനം കഴിഞ്ഞതിനുശേഷം ധ്യാനനിരതനായിരുന്നു. ആ സമയം താരകാസുരന്റെ അതിക്രമം മൂന്നുലോകങ്ങളിലും വർദ്ധിക്കുകയും ശല്യം സഹിക്കാൻ വയ്യാതായപ്പോൾ ദേവേന്ദ്രൻ എല്ലാ ദേവന്മാരെയും വിളിച്ചുചേർത്ത് ചർച്ച ചെയ്തു. താരകാസുരനെ ഇല്ലാതാക്കണമെങ്കിൽ പാർവ്വതീപരമേശ്വരന്മാരുടെ വിവാഹം നടക്കുകയും അതിലൊരു പുത്രനുണ്ടാവുകയും വേണം എന്ന് അവർ മനസ്സിലാക്കി. വളരെ വിഷമം പിടിച്ചതായ പാർവ്വതീപരമേശ്വര പരിണയത്തിനു കളമൊരുക്കുവാൻ ദേവന്മാർ കാമദേവനെ ഉത്തരവാദിത്വം ഏല്പിച്ചു. ശിവനിൽ പാർവ്വതിയോടുള്ള അനുരാഗം അങ്കുരിപ്പിക്കുവാൻ കാമദേവൻ ഉചിതമായ സമയത്ത് അമ്പെയ്തു. ശിവനിൽ പാർവ്വതിയോടുള്ള അനുരാഗം അങ്കുരിച്ചു. അപ്പോൾത്തന്നെ യോഗിയായ ശിവന് തന്റെ മനസ്സിന്റെ അതിസൂക്ഷ്മമായ ചലനങ്ങളെ അറിയുവാൻ സാധിച്ചു. മനസ്സിന്റെ ഈ ചലനത്തിന് കാരണം കാമദേവനാണെന്ന് ആ ക്ഷണത്തിൽതന്നെ മനസ്സിലാക്കുകയും തന്റെ മൂന്നാംകണ്ണു തുറന്ന് കാമദേവനെ ദഹിപ്പിക്കുകയും ചെയ്തു. മനസ്സിന്റെ

ചാഞ്ചല്യത്തിനു കാരണം ആഗ്രഹമാണെന്ന് (കാമം) മനസ്സിലാക്കുകയും മൂന്നാംകണ്ണായ ജ്ഞാനാഗ്നിയുടെ ഉറവിടം തുറന്ന് ആ ജ്ഞാനാഗ്നിയിൽ ആഗ്രഹങ്ങളെ (കാമനെ) ഇല്ലാതാക്കുകയും ചെയ്തു. അങ്ങനെ കാമദേവനെ ദഹിപ്പിച്ചവനാണ് പരമശിവൻ. അതിനാൽ മനസ്സിൽ യാതൊരു ആഗ്രഹങ്ങളും ഇല്ലാത്തവനാണ് പരമശിവൻ. കാമനെപ്പോലും ജയിച്ചവനായതുകൊണ്ട് പരമശിവനെ കാമേശനെന്ന് വിളിക്കുന്നു. ആ കാമേശനെ നോക്കി ദേവി ഒന്നു ചിരിച്ചു. ആ സമയം താൻ കാമദേവനെ ചുട്ടുകരിച്ചവനാണെന്നതും ജ്ഞാനിയാണെന്നതും സൂക്ഷ്മദൃക്കാണെന്നതുമായ എല്ലാമുള്ള ബോധം കാമേശന് നഷ്ടപ്പെട്ടു. ദേവിയുടെ ചെറുപുഞ്ചിരിയുടെ ധാരാളിമയിൽ കാമേശന്റെ മനസ്സ് മുങ്ങിപോവുകയും ചെയ്തു. കാമേശനെപ്പോലും മോഹവലയത്തിൽ പെടുത്തുന്നതായ ദേവിയുടെ മായാശക്തി ഈ നാമത്തിൽ വ്യക്തമാകുന്നു. ജ്ഞാനികളുടെ മനസ്സിനെപ്പോലും ദേവിയുടെ മായാ ബലമായി പിടിച്ചുവലിക്കുന്നതായി പറയുന്ന

'ജ്ഞാനിനാമപി ചേതാംസി
ദേവീ ഭഗവതീ ഹി സാ
ബലാദാകൃഷ്യ മോഹായ
മഹാമായാ പ്രയച്ഛതി'

എന്ന ദേവീമാഹാത്മ്യശ്ലോകം ഇവിടെ സ്മർത്തവ്യമാണ്. യാതൊരുവളുടെ മായയെ ജയിക്കുക ഏകദേശം അസാദ്ധ്യമാണോ ആ ദേവിയെത്തന്നെ ആശ്രയിക്കുകയാണ് ആ മായയിൽനിന്നുള്ള മുക്തിക്ക് കരണീയമായിട്ടുള്ളത്.

**12. അനാകലിതസാദൃശ്യചിബുകശ്രീവിരാജിതാ
കാമേശബദ്ധമാംഗല്യസൂത്രശോഭിതകന്ധരാ**

**അനാകലിതസാദൃശ്യചിബുകശ്രീവിരാജിതാ**

ഒന്നിനോടും സാദൃശ്യപ്പെടുത്താൻ സാധിക്കാത്ത താടിയെല്ലിന്റെ സൗന്ദര്യത്താൽ ശോഭിക്കുന്നവൾ.

ദേവിയുടെ താടിയെല്ലിനോടു തുലനപ്പെടുത്താവുന്ന ഒരു വസ്തുവും ലോകത്തിലില്ല. ഉപമിക്കാൻ സാധിക്കാത്തവിധമുള്ളത് എന്നാശയമാണ് അനാകലിത സാദൃശ്യ എന്നതിൽനിന്ന് ലഭിക്കുന്നത്. അത്രയ്ക്കും സുന്ദരമാണ് ദേവിയുടെ താടിയെല്ല്. അനുപമമായ ഒന്നായി ഇഷ്ടദേ ▸▸

▶▶ വതയുടെ ശരീരാവയവങ്ങളെ ഭക്തന്മാർ കാണാറുണ്ട്. അതിലൊന്നാണ് തുളസീദാസിന്റെ ശ്രീരാമചന്ദ്രന്റെ മുഖവർണ്ണന. ശ്രീരാമചന്ദ്രന്റെ മുഖത്തിനു സദൃശ്യമായി ഈ ലോകത്ത് എന്തെങ്കിലുമുണ്ടോ എന്ന് അന്വേഷിക്കാൻ ഒരാഗ്രഹം തുളസീദാസിനുണ്ടായി. ഓരോ വസ്തുവും എടുത്ത് ശ്രീരാമചന്ദ്രന്റെ മുഖത്തോട് ചേർത്തുവെച്ചുനോക്കി. അതിനോട് സദൃശ്യം വഹിക്കുന്നതായ ഒന്നുംതന്നെയില്ല എന്ന് കണ്ടെത്തിയ തുളസീദാസ് ഇപ്രകാരം ചൊല്ലി.

'രാമചന്ദ്രമുഖസമാന രാമചന്ദ്രമുഖ ഹി ഹേ'

എന്ന്. ഇപ്രകാരം ഇവിടെ ദേവിയുടെ താടിയെല്ല് സൗന്ദര്യാതിരേകത്താൽ അനുപമമാണ്. ആ സൗന്ദര്യത്താൽ ശോഭിക്കുന്നവളാണ് ദേവി.

സൗന്ദര്യത്തിന്റെ അത്യുച്ചകോടിയാണ് ദേവിയുടെ ഓരോ അവയവങ്ങൾക്കും എന്നു വർണ്ണിക്കുന്നത് നമ്മുടെ മനസ്സ് നിശ്ചലം ആകുവാനാണ്. അതിസുന്ദരമായ ഒരു വസ്തു കാണുമ്പോഴോ അതിഭയാനകമായ ഒരു ദൃശ്യത്തിനു സാക്ഷീഭൂതരാകുമ്പോഴോ ആണ് മനസ്സ് നിശ്ചലമാകുക. ഇതാണ് ഉപാസനയുടെ രഹസ്യം. അതാണു നമ്മുടെ ദേവീദേവന്മാരുടെ രൂപങ്ങൾ ഒന്നുകിൽ അതിമനോഹരമോ അല്ലെങ്കിൽ അതിരൗദ്രമോ ആയിരിക്കും. രൗദ്രസ്വരൂപികളെ ആ രൗദ്രതയിൽ നമ്മുടെ മനസ്സിലേക്കു ആവാഹിച്ചാൽ നമ്മുടെ മനസ്സ് നിശ്ചലമാകും. സുന്ദരീസുന്ദരന്മാരായ ദേവീദേവന്മാരെ ആ സൗന്ദര്യമൂർത്തിമദ്ഭവത്തിൽ നമ്മുടെ മനസ്സിലേക്കു ആവാഹിച്ചാൽ നമ്മുടെ മനസ്സ് നിശ്ചലമാകും. മനസ്സ് നിശ്ചലമായാൽ മാത്രമേ മനസ്സിനപ്പുറം കടക്കുവാൻ സാധിക്കുകയുള്ളൂ. മനുഷ്യന്റെ സ്വഭാവത്തിന്റെ ഘടകങ്ങളുടെ ചേരുവയെ അടിസ്ഥാനപ്പെടുത്തിയാണ് രൗദ്രസ്വരൂപികളായ ദേവതയെ വേണോ സുന്ദരസ്വരൂപികളായ ദേവതയെ വേണോ താങ്കളുടെ ഉപസ്യദേവതകളായി ഒരാൾ സ്വീകരിക്കേണ്ടത്.

നമ്മുടെ ഉള്ളിലുള്ള ആസക്തി, മരണഭയം എന്നീ രണ്ടു ഘടകങ്ങളുടെ ചേരുവയിലാണ് ഒരു മനുഷ്യന്റെ സ്വഭാവരൂപീകരണം. ക്രിയാത്മകമായ ആസക്തിയാണ് കൂടുതലെങ്കിൽ സൗന്ദര്യാത്മകമായ ഈശ്വരന്മാരെയും മരണഭയമാണ് കൂടുതലെങ്കിൽ രൗദ്രസ്വരൂപികളായ ഈശ്വരന്മാരെയുമാണ് നമ്മൾ ഉപാസ്യദേവതകളായി സ്വീകരിക്കേണ്ടത്. ചേരുവയുടെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് കൃത്യം ചേരുവയനുസരിച്ചുള്ള ദേവതയെ സ്വീകരിക്കണം. അതാണ് മുപ്പത്തിമൂന്ന് മുക്കോടി ദേവതമാർ നമുക്കുള്ളത്.

# നന്ദികേശ്വര കാശികാ - 3
## (മന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം)

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**സർവ്വം പരാത്മകം പൂർവ്വം**
**ജ്ഞപ്തിമാത്രമിദം ജഗത്**
**ജ്ഞപ്തേർബഭ്രുവ പശ്യന്തീ**
**മദ്ധ്യമാ വാക് തതഃ സ്മൃതാ**

ഇദം - ഈ
ജഗത് - പ്രപഞ്ചം
സർവ്വം - മുഴുവൻ
പൂർവ്വം - മുമ്പ്
ജ്ഞപ്തിമാത്രം - ജ്ഞാനാത്മകം മാത്രമായ
പരാത്മകം (ഭവതി) - ബ്രഹ്മസ്വരൂപം ആകുന്നു
ജ്ഞപ്തേഃ - ജ്ഞാനാത്മകമായ ബ്രഹ്മസ്വരൂപത്തിൽനിന്ന്
പശ്യന്തീ - പശ്യന്തീ എന്ന വാക്ക്
ബഭ്രുവ - ഉണ്ടായി
തതഃ - അതിൽനിന്ന്
മദ്ധ്യമാ വാക് - മദ്ധ്യമാ എന്ന വാക്ക്
സ്മൃതാ - സ്മരിക്കപ്പെടുന്നു

ശബ്ദശാസ്ത്രമായ വ്യാകരണത്തിലും മന്ത്രശാസ്ത്രത്തിലും ശബ്ദത്തിന് വലിയ പ്രാധാന്യമുള്ളതുകൊണ്ട് ശബ്ദത്തിന്റെ നാല് അവസ്ഥകളെ കുറിച്ച് പറയുന്നു. സൃഷ്ടിക്കു മുമ്പുള്ള ഈശ്വരചൈതന്യത്തെ പരബ്രഹ്മമെന്നും ശബ്ദബ്രഹ്മമെന്നും നാദബ്രഹ്മമെന്നും പരശിവൻ എന്നും മറ്റും വിവിധ ശാസ്ത്രങ്ങൾക്കനുസരിച്ച് പറയുന്നു. ഈ ഈശ്വരചൈതന്യം മന്ത്രശാസ്ത്രവും വ്യാകരണശാസ്ത്രവും വിവരിക്കുവാനായി അതിന്റെ ബ്രഹ്മസ്വരൂപത്തിന്റെ വ്യഷ്ട്യാത്മകമായ മനുഷ്യശരീരത്തിൽ ശബ്ദപ്രപഞ്ചത്തിന്റെ ഉദ്ഭവത്തിന് മുമ്പ് ജ്ഞാനാത്മകമായി മൂലാധാരത്തിൽ പരാ എന്ന പേരിൽ സ്ഥിതിചെയ്യുന്നു. (പരാ വാങ്മൂലചക്രസ്ഥാ). ഇത് സ്പന്ദനം പോലുമില്ലാത്തതും ബിന്ദുരൂപത്തിലുള്ളതുമാകുന്നു. മൂലാധാരത്തിലുള്ള വായുവിന്റെ സംസ്കാരത്തോടു കൂടിയതാണ്. അതുകൊണ്ട് ഈ പരയായ ബ്രഹ്മത്തെ മൂലാധാരസ്ഥാ എന്ന വി ▸▸

ളിക്കുന്നു. വ്യഷ്ടിശരീരമായ മനുഷ്യനിൽ ഗുദലിംഗാന്തരാളത്തിൽ മൂലാധാരചക്രം, ലിംഗമൂലത്തിൽ സ്വാധിഷ്ഠാന ചക്രം, നാഭിയിൽ മണിപൂരകചക്രം, ഹൃദയത്തിൽ അനാഹതചക്രം, കണ്ഠത്തിൽ വിശുദ്ധിചക്രം, ഭ്രൂമദ്ധ്യത്തിൽ ആജ്ഞാചക്രം എന്നീ ചക്രങ്ങളുണ്ടെന്ന് ശാസ്ത്രം ഉദ്ഘോഷിക്കുന്നു.

മൂലാധാരസ്ഥയായ പരാ എന്ന ശബ്ദതലത്തിൽനിന്നാണ് പശ്യന്തി എന്ന ശബ്ദതലം ഉദ്ഭവിക്കുന്നത് എന്ന് പറയാം. മൂലാധാരത്തിൽനിന്നു പൊക്കിൾവരെ (നാഭി) എത്തുന്നതായ വായുവിനാൽ മനസ്സിൽ ഗോചരമാകുന്ന വാക്കാണ് പശ്യന്തി. പിന്നീട് അവിടെ നിന്ന് ഹൃദയപര്യന്തം എത്തുന്നതായ വായുവിനാൽ അഭിവ്യക്തമാകുന്നതും അതത് അർത്ഥങ്ങളെ പ്രകാശിപ്പിക്കുന്നതും മറ്റുള്ളവർക്ക് ചെവികൊണ്ട് കേൾക്കാൻ സാധിക്കാത്തതിനാൽ സൂക്ഷ്മവും ജപാദികളിൽ ബുദ്ധികൊണ്ട് ഗ്രഹിക്കുവാൻ സാധിക്കാത്തതുമായ ശബ്ദമാണ് മദ്ധ്യമാ.

(അടുത്ത ലക്കത്തിൽ തുടരും)

# സംസ്കൃതപഠനം - 15

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

കഴിഞ്ഞ ലക്കത്തിൽ ഒരു വാക്യത്തിലെ കർമ്മപദത്തിന്റെ പ്രയോഗത്തെക്കുറിച്ച് പറഞ്ഞുവല്ലോ. അഭിതഃ, പരിതഃ, സർവ്വതഃ, ഉഭയതഃ എന്നീ അവ്യയങ്ങളുടെ യോഗത്തിൽ സമീപമുള്ള പദത്തിന് ദ്വിതീയാവിഭക്തി വരുമെന്ന് നാം കണ്ടു. ഇപ്രകാരം അവ്യയപദങ്ങളുടെ സാമീപ്യത്താൽ വരുന്ന ദ്വിതീയാവിഭക്തികളെ 'ഉപപദവിഭക്തി' കളെന്നു പറയുന്നു. ഇതുപോലെ മറ്റ് അവ്യയപദങ്ങളുടെ പ്രയോഗങ്ങൾ ശ്രദ്ധിക്കുക :

ചില അവ്യയപദങ്ങളും അവയുടെ അർത്ഥങ്ങളും താഴെ കൊടുക്കുന്നു.

| അവ്യയങ്ങൾ | അർത്ഥം |
|---|---|
| സമയാ | സമീപം, മദ്ധ്യത്തിൽ |
| നികഷാ | സമീപം |
| ഹാ | കഷ്ടം, വേദന, നിന്ദ |

| | |
|---|---|
| ധിക് | നിന്ദ, ശകാരിക്കൽ |
| പ്രതി | നേർക്ക് |
| അന്തരാ | ഇടയിൽ |
| അന്തരേണ | കൂടാതെ |
| വിനാ | കൂടാതെ |

**ഈ അവ്യയപദങ്ങൾ ഉപയോഗിച്ചുള്ള വാക്യങ്ങൾ**

1. श्रीकृष्णं समया राधा शोभते।
   ശ്രീകൃഷ്ണസമീപം രാധ ശോഭിക്കുന്നു.
2. वनं समया बालिका रोदिति।
   വനമദ്ധ്യത്തിൽ പെൺകുട്ടി കരയുന്നു.
3. समुद्रं निकषा रामसेना वर्तते।
   സമുദ്രസമീപം രാമസേന സ്ഥിതിചെയ്യുന്നു
4. हा कृष्णम् इति गोपीजनाः शोचन्ति।
   കൃഷ്ണനെ വേദനയോടെ ഓർത്ത് ഗോപികമാർ കേഴുന്നു.
5. धिक् कंसम्। त्वं कुत्र असि?
   നിന്ദ്യനായ കംസ! നീ എവിടെയാണ്?
6. कृष्णः मां प्रति भासते।
   കൃഷ്ണൻ എനിക്ക് (നേർക്ക്) മുന്നിൽ ശോഭിക്കുന്നു.
7. हरिः क्ष्मां रमां च अन्तरा तिष्ठति।
   ഹരി ഭൂമിക്കും രമയ്ക്കുമിടയിൽ നില്ക്കുന്നു.
8. हरिम् अन्तरेण सुखं नास्ति।
   ഹരിയെ കൂടാതെ സുഖമില്ല.
9. लक्ष्मणः ऊर्मीलां विना गच्छति।
   ലക്ഷ്മണൻ ഊർമിളയെ കൂടാതെ പോകുന്നു.

▸▸

**▸▸ നികഷാ, സമയാ, വിനാ, ധിക്, അന്തരാ, അന്തരേണ, ഹാ എന്നീ അവ്യയങ്ങൾ വാക്യങ്ങളിൽ പ്രയോഗിക്കുക.**

ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന വാക്കിന്റെ ദ്വിതീയാരൂപം ഉപയോഗിച്ച് വാക്യങ്ങൾ പൂരിപ്പിക്കുക.

1. मम गृहं ———— समया वर्तते। (विपणिः)
   എന്റെ വീട് ചന്തയ്ക്കു സമീപം സ്ഥിതിചെയ്യുന്നു.

2. गोपिकाः ———— अन्तरेण न जीवन्ति। (कृष्णः)
   ഗോപികമാർ കൃഷ്ണനെ കൂടാതെ ജീവിക്കുന്നില്ല.

3. राजनैतिकपुरुषाणां ———— धिक्। (अवस्था)
   രാഷ്ട്രീയക്കാരുടെ അവസ്ഥ നിന്ദ്യമാണ്.

4. पम्पा ——— निकषा प्रवहति। (शबरिगिरिः)
   പമ്പ ശബരിമലയക്ക് സമീപം ഒഴുകുന്നു.

5 — — च अन्तरा गोविन्दः उपविशति। (कृष्णः, रामः)
   കൃഷ്ണനും രാമനുമിടയിൽ ഗോവിന്ദൻ ഇരിക്കുന്നു.

6. पक्षिणः ——— विना डयन्ते। (वाहनं)
   പക്ഷികൾ വാഹനം കൂടാതെ പറക്കുന്നു.

7. हा ——— । त्वम् अत्युन्नतशाखायाः पतसि। (सुहृद्)
   കഷ്ടസ്ഥിതിയിലായ കൂട്ടുകാര! നീ ഉയർന്ന കൊമ്പിൽനിന്നു വീഴുന്നു.

ഗുണം, ക്രിയ, ദ്രവ്യം എന്നിവകൊണ്ട് നിരന്തരസംയോഗം ഉണ്ടാകുമ്പോൾ സമയത്തേയും വഴിയേയും കുറിക്കുന്ന വാക്കിന് ദ്വിതീയാവിഭക്തി വരുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

1. कर्कटकमासं जनाः ईश्वरचित्ताः भवन्ति।
   കർക്കടകമാസം മുഴുവൻ ജനങ്ങൾ ഈശ്വരചിത്തരായി ഭവിക്കുന്നു.

ഇവിടെ കർക്കടകമാസം എന്നത് ദ്വിതീയാവിഭക്ത്യന്തമാണ്. ആ മാസത്തിൽ എല്ലാ ദിവസവും ഈശ്വരചിന്ത എന്ന ഗുണത്തോടു കൂടിയവർ എന്നർത്ഥം.

2. सप्ताहं भागवतपारायणं करोमि।

ഒരാഴ്ച മുഴുവൻ ഞാൻ ഭാഗവതപാരായണം ചെയ്യുന്നു.

ഏഴു ദിവസങ്ങളുള്ള ഒരാഴ്ചയിൽ പ്രതിദിനം ഉചിതസമയത്ത് നിരന്തരം ഭാഗവതപാരായണം ചെയ്യുന്നുവെന്നർത്ഥം. ഇവിടെ ക്രിയയുടെ സംയോഗം.

3. विद्यापीठे मासं यवागूः।

വിദ്യാപീഠത്തിൽ ഒരു മാസം മുഴുവൻ കഞ്ഞി.

മുപ്പതു ദിവസമുള്ള മാസത്തിൽ ദിവസന്തോറും കഞ്ഞി ലഭ്യമാണ് എന്നർത്ഥം. ഇവിടെ കഞ്ഞി എന്ന ദ്രവ്യത്തിന്റെ സംയോഗം.

ഇപ്രകാരം ഗുണം, ക്രിയ, ദ്രവ്യം എന്നിവയുടെ നിരന്തര സംയോഗങ്ങളെ പറയുമ്പോൾ കാലവാചിശബ്ദത്തിൽ ദ്വിതീയാവിഭക്തി വരുന്നു.

ഈ വാക്യങ്ങൾ ശ്രദ്ധിക്കുക :

1. क्रोशं ऋजुः सेतुः।

ഒരു ക്രോശദൂരം വളവില്ലാത്ത പാലം

ഇവിടെ ഒരു ക്രോശദൂരമുള്ള വഴിയിൽ വളവില്ലായ്മ എന്ന ഗുണത്തിന്റെ നിരന്തര സംയോഗമുണ്ട്.

2. छात्राः अर्धक्रोशं श्लोकपाठं कुर्वन्ति।

വിദ്യാർത്ഥികൾ അരക്രോശദൂരം നിരന്തരം ശ്ലോകം പഠിക്കുന്നു.

ഇവിടെ അരക്രോശദൂരമുള്ള വഴിയിൽ മുഴുവൻ നിരന്തരം ശ്ലോകപഠനം നടത്തുന്നു.

3. पादक्रोशं सौधः वर्तते।

കാൽക്രോശം ദൂരമുള്ള കെട്ടിടം സ്ഥിതിചെയ്യുന്നു.

ഇവിടെ കാൽക്രോശം ദൂരത്തോളം വ്യാപിച്ച് കെട്ടിടം സ്ഥിതിചെയ്യുന്നതിനാൽ കെട്ടിടം എന്ന ദ്രവ്യത്തിന്റെ നിരന്തര സംയോഗമുണ്ട്.

മുകളിൽ ഇതുവരെ എഴുതിയിട്ടുള്ള വാക്യങ്ങളിൽ ഉപയോഗിച്ച ക്രിയാപദങ്ങളുടെ വിശദീകരണം. ▶▶

| ഗണം | ധാതു | വികരണ പ്രത്യയം | പ്രത്യയം | രൂപങ്ങൾ |
|---|---|---|---|---|
| ഭ്വാദി | 'भू' सत्तायां | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | भवति भवतः भवन्ति<br>भवसि भवथः भवथ<br>भवामि भवावः भवामः |
| ഭ്വാദി | 'शुभ' दीप्तौ | अ | ते इते अन्ते<br>से इथे ध्वे<br>ए वहे महे | शोभते शोभेते शोभन्ते<br>शोभसे शोभेथे शोभध्वे<br>शोभे शोभावहे शोभामहे |
| ഭ്വാദി | 'भासृ' दीप्तौ | अ | ते इते अन्ते<br>से इथे ध्वे<br>ए वहे महे | भासते भासेते भासन्ते<br>भाससे भासेथे भासध्वे<br>भासे भासावहे भासामहे |
| ഭ്വാദി | 'गम्लृ' गतौ | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | गच्छति गच्छतः गच्छन्ति<br>गच्छसि गच्छथः गच्छथ<br>गच्छामि गच्छावः गच्छामः |
| ഭ്വാദി | 'जीव'<br>प्राणधारणे | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | जीवति जीवतः जीवन्ति<br>जीवसि जीवथः जीवथ<br>जीवामि जीवावः जीवामः |
| ഭ്വാദി | प्र ഉപസർഗ്ഗം<br>മുമ്പിലുള്ള<br>'वह' प्रापणे | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | प्रवहति प्रवहतः प्रवहन्ति<br>प्रवहसि प्रवहथः प्रवहथ<br>प्रवहामि प्रवहावः प्रवहामः |
| ഭ്വാദി | पतृ गतौ | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | पतति पततः पतन्ति<br>पतसि पतथः पतथ<br>पतामि पतावः पतामः |
| ഭ്വാദി | 'डीङ्'<br>विहायसा गतौ | अ | ते इते अन्ते<br>से इथे ध्वे<br>ए वहे महे | डयते डयेते डयन्ते<br>डयसे डयेथे डयध्वे<br>डये डयावहे डयामहे |

| | | | | |
|---|---|---|---|---|
| അദാദി | अस भुवि | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | अस्ति स्तः सन्ति<br>असि स्थः स्थ<br>अस्मि स्वः स्मः |
| അദാദി | रुदिर् अश्रु विमोचने | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | रोदिति रुदितः रुदन्ति<br>रोदिषि रुदिथः रुदिथ<br>रोदिमि रुदिवः रुदिमः |
| അദാദി | 'शुच' शोके | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | शोचति शोचतः शोचन्ति<br>शोचसि शोचथः शोचथ<br>शोचामि शोचावः शोचामः |
| തനാദി | 'डुकृञ्' करणे | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | करोति कुरुतः कुर्वन्ति<br>करोषि कुरुथः कुरुथ<br>करोमि कुर्वः कुर्मः |
| തുദാദി | प्र ഉപസർഗ്ഗം മുമ്പിലുള്ള 'विश' प्रवेशने | अ | ति तस् अन्ति<br>सि थस् थ<br>मि वस् मस् | प्रविशति प्रविशतः प्रविशन्ति<br>प्रविशसि प्रविशथः प्रविशथ<br>प्रविशामि प्रविशावः प्रविशामः |

(അടുത്ത ലക്കത്തിൽ തുടരും)

തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം – 9

## പ്രച്ഛന്ന മദ്ധ്യമമോ സാത്വികത?

സി.എം. കൃഷ്ണനുണ്ണി

കഴിഞ്ഞലക്കം തുടർച്ച

ശിവന്റെ യാമള, യുഗള ഭാവങ്ങളെക്കുറിച്ചാണല്ലോ പറഞ്ഞുവന്നത്. യുഗളാവസ്ഥയിൽ പ്രാണനുണ്ടായി. പ്രശ്നോപനിഷത്ത് ഇതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു :

> 'സ ഈക്ഷാം ചക്രേ കസ്മിന്നഹമുത്ക്രാന്ത ഉത്ക്രാന്തോ ഭവിഷ്യാമി കസ്മിൻ വാ പ്രതിഷ്ഠിതേ പ്രതിഷ്ഠാസ്യാമിതി.' (6-3)
>
> സ പ്രാണമസൃജത പ്രാണാച്ഛ്രദ്ധാം ഖം വായുർ

ജ്യോതിരാപഃ പൃഥിവീന്ദ്രിയം മനോന്നമന്നാ
ദ്വീര്യം തപോ മന്ത്രാഃ കർമ ലോകാ ലോകേഷു നാമ ച.'
(6-4)

ആരുടെ നിഷ്ക്രമണത്തിനുശേഷമാണ് ഞാൻ ഉത്ക്രമിക്കുന്നത്? ആരാലാണ് ഞാൻ പ്രതിഷ്ഠിതനായിരിക്കുന്നത് (6-3) അവൻ ആദ്യമായി പ്രാണനെ സൃഷ്ടിച്ചു. പിന്നീട് ശ്രദ്ധ, ആകാശം, വായു, ജലം, തേജസ്സ്, പൃഥിവി, മനസ്സ്, ഇന്ദ്രിയങ്ങൾ, അന്നം എന്നിവയെ സൃഷ്ടിച്ചു. അന്നത്തിൽനിന്ന് വീര്യവും തപസ്സും മന്ത്രവും കർമ്മവും ലോകങ്ങളിൽ നാമവും നിർമ്മിച്ചു. (6-4)

കൂടാതെ, 'ആത്മന ഏഷ പ്രാണോ ജായതേ' എന്നും പ്രശ്നോപനിഷത്ത് (3-3) പറയുന്നു. ആത്മാവിൽനിന്ന് ആദ്യം പ്രാണൻ ജനിക്കുന്നു.

ഇതേ ആശയംതന്നെ മുണ്ഡകോപനിഷത്തും പ്രസ്താവിച്ചതായി കാണാം. 'തഥാക്ഷരാദ് വിവിധാഃ സോമ്യ ഭാവാഃ.' (2-1) 'ഏതസ്മാജ്ജായതേ പ്രാണോ മനഃ സർവ്വേന്ദ്രിയാണി ച/ഖം വായുർജ്യോതിരാപഃ പൃഥിവീ വിശ്വസ്യ ധാരിണീ.' (2-3)

അല്ലയോ സൗമ്യ, അക്ഷരബ്രഹ്മത്തിൽനിന്നു പലവിധ ഭാവങ്ങൾ ഉണ്ടാവുന്നു (2-1). ഇതിൽനിന്നു പ്രാണൻ, മനസ്സ്, ഇന്ദ്രിയങ്ങൾ, ആകാശം, വായു, അഗ്നി, ജലം, വിശ്വധാരിണിയായ പൃഥിവി എന്നിവയും ജനിക്കുന്നു. (2-3)

കല്ലടഭട്ടൻ പറഞ്ഞിരിക്കുന്നതും 'പ്രാക് സംവിത് പ്രാണേ പരിണത' എന്നാണ്. സംവിത്തിൽനിന്ന് അഥവാ പരമബോധത്തിൽനിന്നു പ്രാണനുണ്ടായി എന്ന് അർത്ഥം. ആ പ്രാണസ്പന്ദനം വ്യത്യസ്ത സ്പന്ദരാശികളെ സൃഷ്ടിച്ചു. ഈ സ്പന്ദസമൂഹത്തെ മൂന്നായി തരംതിരിക്കാം. ഏറ്റവും മൃദുവായ സ്പന്ദമേഖല (സത്വഗുണം), അല്പം കഠിനമായത് (രജോഗുണം), അതീവ മൂർച്ഛിതമായത് (തമോഗുണം). സത്വം ജ്ഞാനത്തിനും രജസ്സ് കർമ്മത്തിനും തമസ്സ് ജാഡ്യത്തിനും കാരണമാവുന്നു. ഈ ത്രിഗുണങ്ങളാണ് പ്രപഞ്ചത്തിന്റെ സ്വരൂപമായി വർത്തിക്കുന്നത്. അനന്ത മാത്രകളിൽ സ്പന്ദിക്കുന്ന ശക്തിവിശേഷങ്ങളുടെ സാകല്യമാണ് ഈ പ്രപഞ്ചം.

ഈ സന്ദർഭത്തിൽ, വിഷയത്തിന്റെ ക്രമാനുഗതിയിൽനിന്ന് അല്പം വിട്ട് ചിലത് സൂചിപ്പിക്കട്ടെ. താന്ത്രികരെ സംബന്ധിച്ച ഒരു ആക്ഷേപത്തിനോ വിശേഷണത്തിനോ മറുപടി പറയുകയാണ് ഉദ്ദേശ്യം. താന്ത്രികർ മദ്ധ്യമ കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരാണെന്നാണല്ലോ പൊതുവേ പറയപ്പെടുന്നത്. 'ഉത്തമ'ത്തിൽ പൂജാദി കർമ്മ

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, Sreekanth C., hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**SREEKANTH C.**
**PUBLISHER**

▶▶ ങ്ങൾ ചെയ്യുന്ന ചിലർ കേമന്മാരാണെന്ന് വ്യംഗ്യം. 'മദ്ധ്യമ'ത്തിലാണ് താന്ത്രികന്റെ ഏർപ്പാടെന്ന് നെറ്റി അല്പം ചുളിച്ചാണ് ചിലർ പറയുക പതിവ്. താന്ത്രിക സാധനാ ജീവിതത്തിലേറെയും മദ്ധ്യമത്തിൽ – രജസ്സിൽ – ഊന്നിക്കൊണ്ടുതന്നെയാണ് എന്ന് പ്രസ്താവിക്കുവാൻ തെല്ലും മടി കാണിക്കുന്നില്ല. അതെ, താന്ത്രികൻ മദ്ധ്യമത്തെ – രജസ്സിനെ – പൊതുവേ ആസ്പദമാക്കുന്നു.

സാത്വിക ചിഹ്നങ്ങളായി കരുതപ്പെടുന്ന പാലും പായസവും ത്രിമധുരവും ഉപയോഗിക്കുകയും സാത്വികകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യപ്പെടുന്നു എന്നു കരുതുന്ന ക്ഷേത്രങ്ങളിൽ പരമോദ്ദേശമായ മോക്ഷംമാത്രം കാംക്ഷിച്ച് പോകുന്നവർ എത്രപേരുണ്ടാവാം? രാജസിക താല്പര്യങ്ങളുമായാണ് ബഹുഭൂരിപക്ഷം പേരും ക്ഷേത്രങ്ങളിലും 'സാത്വിക'മെന്ന് വിശേഷിപ്പിക്കപ്പെടുന്ന പൂജാസന്നിധികളിലും ചെല്ലുന്നത്. ഉദ്ദേശ്യങ്ങൾ നിറവേറ്റാൻ ഏറ്റവും ഉപയുക്തമായ മാർഗ്ഗം ഉപയോഗിക്കുന്നുവെന്ന് താന്ത്രികന്മാർ തുറന്നുപറയുന്നു എന്നുമാത്രം.

താമസിക ജഡതയിൽനിന്നു സാത്വികതയിലേക്ക് – മോക്ഷത്തോളം – എത്തുവാൻ മദ്ധ്യമ രാജസികതയിലൂടെയല്ലാത്ത മറ്റൊരു മാർഗ്ഗവുമില്ല. തന്മയീഭാവത്തിന്റെയും താദാത്മ്യത്തിന്റേതുമായ സാത്വികതയിൽ കർമ്മങ്ങളുടെ അനുഷ്ഠാനങ്ങളും ഇല്ലാതാവും. അവനിലനില്ക്കുന്ന മേഖല രാജസിക മദ്ധ്യമത്തിന്റേതാണ്. 'പ്രച്ഛന്ന മദ്ധ്യമ'ത്തെ സാത്വികതയായി പുല്കുന്നവർ അറിയുന്നില്ല അവരും അവലംബിക്കുന്നത് 'മദ്ധ്യമ' മാർഗ്ഗത്തെയാണെന്ന്. മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുനം എന്നിവ ഉൾപ്പെട്ട പഞ്ച 'മ'കാര സാധനാകർമ്മങ്ങൾ താന്ത്രിക മേഖലയിലെ അതീവ ഗഹനതകളിൽ – താന്ത്രിക മേഖലയിൽ ആകമാനമല്ല – ഉണ്ട് എന്ന കേട്ടറിവാണ് അതിന്റെയൊന്നും ആന്തരാർത്ഥമറിയാത്ത പലരുടെയും നെറ്റി ചുളിപ്പിക്കുന്നത്. അത്തരം സാധനാകർമ്മങ്ങൾ താമസികമോ അധമമോ അല്ലെന്നുമാത്രം സൂചിപ്പിക്കട്ടെ. ചില താന്ത്രികശാഖകളിൽ അഘോരം തുടങ്ങിയ – ശ്മശാന സാധനയും ശവസാധനയും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇവയും സാധകനെ മാനസികമായ ചില സിദ്ധിവിശേഷങ്ങളിലേക്കും സായൂജ്യത്തിലേയ്ക്കും ഉയർത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്. സാർവ്വത്രികമാക്കപ്പെടലിന്റെ ദൂഷ്യാവസ്ഥയിൽനിന്നും തന്ത്രം അതിന്റെ രഹസ്യ/ഗോപ്യ സ്വഭാവങ്ങളിലൂടെ ഓരോ മാർഗ്ഗത്തെയും സംരക്ഷിക്കുന്നു.

(അടുത്ത ലക്കത്തിൽ തുടരും)

# ജ്യോതിഷം – ഉപയോഗവും ദുരുപയോഗവും

എൻ. പ്രേമചന്ദ്രൻ, തൃപ്പൂണിത്തുറ

എറണാകുളം ഹിസ് ഹൈനസ്സ് മഹാരാജാസ് ഗവ. ലോകോളേജ് 2011 മാർച്ച് 3, 4, 5 തീയതികളിലായി സംഘടിപ്പിച്ച Maintanace of Professional Standards & Legal Control in India എന്ന ത്രിദിന ദേശീയ സെമിനാറിൽ അവതരിപ്പിച്ച Use & Misuse of Astrology എന്ന പ്രബന്ധത്തിന്റെ പൂർണ്ണരൂപം

## ഉപക്രമം

ഭൂമിയിൽ മനുഷ്യന്റെ ആവിർഭാവത്തോടൊപ്പംതന്നെ രൂപം പ്രാപിച്ച്, വളർന്ന് വികസിച്ച ശാസ്ത്രവും സംസ്കാരവുമാണ് ജ്യോതിഷം. വലുതെന്നോ ചെറുതെന്നോ ഭേദമില്ലാതെ, രാഷ്ട്രീയ-സാമുദായിക വ്യത്യാസങ്ങളില്ലാതെ ഈ ലോകത്തെ എല്ലാ രാഷ്ട്രങ്ങളിലും ചെറുദ്വീപുകളിൽപ്പോലും അവരവരുടേതായ ജ്യോതിഷം ഉണ്ട്. ആറു രാശികൾ മാത്രമുള്ള 'സുമേരിയൻ ജ്യോതിഷം' (Sumerian Astrology) മുതൽ പതിമൂന്നു രാശികൾ ഉള്ള 'സെൽറ്റിക് ജ്യോതിഷം' (Celestic Astrology) വരെ, വൃക്ഷ-മൃഗ-മനുഷ്യരൂപങ്ങളോടെ വൃത്തത്തിലും, ചതുരത്തിലും, അപസവ്യവും സവ്യവും മറ്റുമായി രാശിചക്ര രൂപഘടനയിൽ വൈവിദ്ധ്യത്തോടെയാണ് ജ്യോതിഷത്തിന്റെ പരിണാമം സംഭവിച്ചിട്ടുള്ളത്. ഭാരതത്തിൽ അനേകം ജ്യോതിഷപദ്ധതികൾ നിലവിലുണ്ടെങ്കിലും അവയിലെ പരാശരി, ജൈമിനി, താജിക എന്നീ സമ്പ്രദായങ്ങളാണ് ശ്രദ്ധേയമായിട്ടുള്ളവ. ദ്രാവിഡ ജ്യോതിഷത്തിന്റെ അവശിഷ്ടങ്ങളായ ചില പ്രാദേശിക സങ്കേതങ്ങൾ കൂട്ടിയോജിപ്പിക്കപ്പെട്ട നിലയിൽ പരാശരിയാണ് കേരളത്തിൽ പ്രചാരത്തിലുള്ള ജ്യോതിഷശാഖ. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ജ്യോതിഷത്തെ പരസ്യമെന്ന മാന്ത്രിക ദണ്ഡിനാൽ ഒരു ഗ്ലാസ്സ് ശുദ്ധജലമാക്കി മാറ്റുന്ന മാന്ത്രികവിദ്യതന്നെയാകട്ടെ ജ്യോതിഷത്തിന്റെ ഉപയോഗത്തേയും ദുരുപയോഗത്തേയും സംബന്ധിച്ച ഈ പഠനത്തിന്റെ ആമുഖം.

## ശാശ്വതപരിഹാരം ജ്യോതിഷത്തിലൂടെ-

നിങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് ജ്യോതിഷവിധിയിലൂടെ ഉടൻ പ്രശ്നപരിഹാരം. വിദ്യാതടസ്സം, ഉപരിപഠന വിഘ്നം, ഉദ്യോഗതടസ്സം, പ്രമോഷൻ പ്രശ്നങ്ങൾ, വിവാഹതടസ്സം, പുനർവിവാഹപ്രശ്നങ്ങൾ,

▶▶ ദാമ്പത്യകലഹം, വിരഹ വേർപാടുകൾ, സന്താനതടസ്സം, സന്താനദുഃഖം, കുടുംബ പ്രശ്നങ്ങൾ, ശത്രുദോഷം, വിദേശയാത്രാതടസ്സം, തൊഴിൽ തടസ്സങ്ങൾ, ബിസിനസ്സ് പരാജയം, കേസ് വഴക്കുകൾ, നവഗ്രഹദോഷം, കാളസർപ്പദോഷം, അസംതൃപ്ത-അശാസ്ത്രീയ-അമംഗള ദാമ്പത്യം, ധനം വന്നാലും ഐശ്വര്യമില്ലായ്മ, വസ്തു-ഗൃഹസ്ഥാപന -വാസ്തു പരിഹാരങ്ങൾ, ദാമ്പത്യബന്ധത്തെ തകർക്കുന്ന മദ്ധ്യമരജ്ജു വേധ-ഷഷ്ഠാഷ്ടമ ദോഷങ്ങൾ, നിർഭാഗ്യകരങ്ങളായ മംഗല്യ തടസ്സങ്ങൾവരെ വരുത്തുന്ന ചൊവ്വ, രാഹു, കേതു, ശനി, ഗുളിക ദോഷം എന്നീ പ്രശ്നങ്ങൾ ഗ്രഹനില വിശകലനം ചെയ്തും, പ്രശ്ന-താംബൂല വിധികളിലൂടെയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, പ്രതിവിധികൾ നടത്തിയും, ശാന്തി വരുത്തുന്നു.

ലോകപ്രശസ്ത ജ്യോതിഷ,
താന്ത്രിക, പണ്ഡിത ശ്രേഷ്ഠൻ
ഡോക്ടർ A

പരസ്യങ്ങളുടെ പ്രവാഹം........ പ്രലോഭനങ്ങളുടെയും...........

ചഞ്ചലചിത്തരേയും, ജീവിതത്തിലെ വിഷമാവസ്ഥകളിൽപെട്ട് മനോവീര്യം തകർന്നവരേയും പെട്ടെന്ന് ആകർഷിക്കുന്ന വാചകക്കസർത്തുകളാണ് പത്രമാസികാദി മാധ്യമങ്ങളിലെ പരസ്യങ്ങൾ നിറയെ. അത്ഭുതസിദ്ധികളുടെ അനുഭവസ്ഥർ എന്ന നിലയിൽ സിനിമാതാരങ്ങൾ ഉൾപ്പടെ സമൂഹത്തിന്റെ വിവിധമേഖലകളിലെ പ്രഗത്ഭർ പ്രത്യക്ഷപ്പെട്ട് സാക്ഷ്യം പറയുന്ന ടി. വി. പരിപാടികളും ഇപ്പോൾ ധാരാളം. പല തട്ടിപ്പുകളും കണ്ടുപിടിക്കപ്പെടുകയും മാധ്യമങ്ങളിൽ വാർത്തയായി പുറംലോകം അറിയുകയും ചെയ്തിട്ടുണ്ടെങ്കിലും അവയൊന്നും പൊതുജനങ്ങളുടെ മനസ്സിൽ ഇടം പിടിച്ചിട്ടില്ലെന്ന് തുടർന്നും ഇതേ തട്ടിപ്പുകൾ ആവർത്തിക്കപ്പെടുന്നതിൽ നിന്നും മനസ്സിലാക്കാം. ഇത്തരം തട്ടിപ്പുകാരാരും ശിക്ഷിക്കപ്പെട്ടതായി വാർത്ത കണ്ടിട്ടില്ല. വേണ്ടവിധം അഭ്യസിക്കുന്നതു കൊണ്ടു മാത്രം ഒരുവന് സമ്പത്തും ധാർമ്മികതയും മോക്ഷവും എക്കാലവും നിലനിൽക്കുന്ന യശസ്സും ലഭ്യമാകുമെന്ന് 'പ്രശ്നമാർഗ്ഗം' ഉദ്ഘോഷിക്കുന്ന 'ജ്യോതിഷം എന്ന മഹാശാസ്ത്രം' പലരും ശരിയായ രീതിയിൽ അഭ്യസിക്കാതെ കേവലം ഒരു ഫലപ്രവചനോപകരണം മാത്രമാക്കി അധഃപതിപ്പിച്ചിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ശാസ്ത്രമാണോ കലയാണോ എന്ന വിഷയത്തിൽ വിശ്വാസികൾ തർക്കിച്ചുകൊണ്ടിരിക്കേ അന്ധവിശ്വാസം വളർത്തുന്ന ശാസ്ത്രാഭാസമായിട്ടാണ് അവിശ്വാസികൾ

ജ്യോതിഷത്തെ കാണുന്നത്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ വേദത്തിന്റെ കണ്ണ് എന്ന നിലയിൽ വ്യവഹരിക്കപ്പെട്ടു വരുന്നതും ആദ്യമായിട്ടുണ്ടായ പ്രവചനശാസ്ത്രമെന്ന ഖ്യാതിയുള്ളതുമായ ജ്യോതിഷത്തെക്കുറിച്ച് സാമാന്യമായി ഒന്നു മനസ്സിലാക്കാൻ ശ്രമിക്കാം.

## ഭാരതീയജ്യോതിഷത്തിന്റെ പരിണാമഘട്ടങ്ങൾ

നായാടി നടന്ന ആദിമമനുഷ്യർ സമൂഹമായി ഒരിടത്തു വാസമുറപ്പിച്ച കാലത്തിനു ശേഷം വളരെയേറെ കഴിഞ്ഞിട്ടായിരിക്കണം വിശ്വചരിത്രത്തിലെ തന്നെ ആദ്യഗ്രന്ഥം ഉടലെടുക്കുന്നത്. നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഒരു കാലയളവിൽ, പലപ്പോഴായി രചിക്കപ്പെട്ട സൂക്തങ്ങൾ പിൽക്കാലത്ത് സമാകലനം ചെയ്ത് രൂപപ്പെടുത്തിയ 'ഋഗ്വേദസംഹിത'യാണത്. അതിന്റെ തുടർച്ചയായി മറ്റുവേദങ്ങളും സമാഹരിക്കപ്പെടുകയും കാലക്രമേണ ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും ഉപനിഷത്തുകളും രചിക്കപ്പെടുകയും ചെയ്തു. ഇവയെ പൊതുവിൽ 'വേദം' എന്നും 'ശ്രുതി' എന്നും പറയാറുണ്ട്. വാമൊഴിയായി പകർന്നു കിട്ടിയ ഇവ തുടർന്നുള്ള കാലങ്ങളിൽ നിലവിലുണ്ടായിരുന്ന സങ്കേതങ്ങൾ ഉപയോഗിച്ച് പകർത്തി സൂക്ഷിക്കപ്പെട്ടു. ഗ്രന്ഥം മൂന്നു പകർത്തുമ്പോൾ 'മുഹൂർത്തം' 'മൂത്രമായിടും' എന്ന തരത്തിലുള്ള അക്ഷരത്തെറ്റുകളും വ്യാകരണ വൈകല്യങ്ങളും കൂടാതെ കാലാകാലങ്ങളിൽ ഉണ്ടായ ചില കൂട്ടിച്ചേർക്കലുകളും നിലവിലുള്ള ഗ്രന്ഥങ്ങളിൽ പ്രക്ഷിപ്തങ്ങളായി ഇടം കണ്ടെത്തിയിട്ടുണ്ട്. ലോകമാന്യബാലഗംഗാധരതിലകന്റെ അഭിപ്രായത്തിൽ വേദങ്ങൾക്ക് 6000 വർഷത്തെ പഴക്കമുണ്ട്.

വേദാംഗജ്യോതിഷം എന്ന നിലയിൽ ലഭ്യമായ ആദ്യ ഗ്രന്ഥം ലഗധമുനി രചിച്ച 'ഋഗ് ജ്യോതിഷം' അഥവാ 'ആർച്ചജ്യോതിഷം' ആണ്. ഈ ഗ്രന്ഥത്തിൽ 36 ശ്ലോകങ്ങൾ മാത്രമേയുള്ളൂ. അതിനോടൊപ്പം ലഭിച്ച 'യാജുഷ' (യജുർവേദീയ) ജ്യോതിഷത്തിൽ 44 ശ്ലോകങ്ങളാണ് ഉള്ളത്. കാലനിർണ്ണയം സംബന്ധിച്ച വസ്തുതകളല്ലാതെ പ്രത്യക്ഷത്തിൽ ഫലപ്രവചനത്തിന് സഹായകരമായ പ്രമാണങ്ങൾ ഒന്നുംതന്നെ വേദാംഗജ്യോതിഷത്തിലില്ല. 'അഥർവ്വണജ്യോതിഷം' എന്ന പേരിൽ ഒരു പുസ്തകം പ്രചാരത്തിലുണ്ടെങ്കിലും ഉള്ളടക്കം, പഴക്കം എന്നിവയെ സംബന്ധിച്ച് സംശയങ്ങൾ ഉണ്ടെന്ന് അത് സംശോധനം ചെയ്ത് പ്രകാശിപ്പിച്ച വ്യക്തി തന്നെ അവതാരികയിൽ പറഞ്ഞിരിക്കുന്നു. 167 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഈ അഥർവ്വണ ജ്യോതിഷത്തിലും മുഹൂർത്തവിഷയങ്ങളല്ലാതെ അധികംഫലപ്രവച ▸▸

▸▸ നോപാധികൾ കാണുന്നില്ല. ഫലപ്രവചനത്തിനുള്ള പ്രമാണങ്ങൾ ഇല്ലാതിരുന്ന വേദാംഗ ജ്യോതിഷത്തിൽ നിന്നും പരാശരാദികളായ ജ്യോതിഷാചാര്യൻമാരുടെ കാലത്തേക്ക് ജ്യോതിഷം വികസിച്ചപ്പോൾ കാലനിർണ്ണയം അഥവാ മുഹൂർത്തം എന്നതു കൂടാതെ രാഷ്ട്രീയ-കാർഷിക-കാലാവസ്ഥാ-പ്രകൃതിദുരന്ത പഠനപ്രവചനങ്ങൾക്ക് ഉതകുന്ന സങ്കേതങ്ങൾ ജ്യോതിഷത്തിൽ ഉരുത്തിരിഞ്ഞു. ഇതിനെ Mundane Astrology അഥവാ രാഷ്ട്രീയജ്യോതിഷം എന്നു വിളിക്കാം. അതിനുശേഷമായിരിക്കണം വ്യക്തിഗത ഫലപ്രവചനത്തിന് സഹായകരമായ നിലയിലേക്ക് ജ്യോതിഷം പാകപ്പെടുത്തിയെടുക്കപ്പെട്ടത്. പ്രപഞ്ചത്തെയും വ്യക്തിജീവിതത്തെയും കൂട്ടിയിണക്കിക്കൊണ്ടുള്ള ചില ഉൾക്കാഴ്ചകളാണ് ജ്യോതിഷത്തിലൂടെ ഉളവാകുന്നത്. വേദാംഗജ്യോതിഷത്തിന്റെ കാലം BC 2884 നും 1300 നും ഇടയ്ക്കാണെന്ന് വിവിധ പണ്ഡിതൻമാർ അഭിപ്രായപ്പെടുമ്പോൾ ആധുനിക ജ്യോതിഷത്തിന്റെ പ്രണേതാവ് എന്ന് കണക്കാക്കപ്പെടുന്ന വരാഹമിഹിരന്റെ കാലം AD 6-ാം നൂറ്റാണ്ടാണ്. ക്രിസ്ത്വബ്ദാരംഭത്തിന് മുമ്പെപ്പോഴോ രചിക്കപ്പെട്ടതാണെന്ന് വിശ്വസിക്കപ്പെടുന്ന പരാശരഹോരയുടെ വിവിധ പാഠങ്ങളും അവയിലെ ഭാഷയും വിഷയങ്ങളും മറ്റും വിശകലനം ചെയ്തശേഷം ഇന്ന് ലഭ്യമായ പരാശരഹോരാ പാഠങ്ങൾ AD 19-ാം നൂറ്റാണ്ടിൽ ക്രോഡീകരിക്കപ്പെട്ടവയാണെന്ന് സമർത്ഥിക്കുന്ന ജ്യോതിഷഗവേഷകർ ഉണ്ട്. വരാഹമിഹിരനായാലും പരാശരനായാലും ഒരേ പേരിൽ ഒന്നിലധികം ആചാര്യൻമാർ ഉണ്ടായിരുന്നു. എന്നതിന് ലഭ്യമായ ജ്യോതിഷഗ്രന്ഥങ്ങളിൽ തന്നെ സൂചനകളുണ്ട്. AD 13, 14 നൂറ്റാണ്ടുകളോടെ തന്നെ ഇക്കാലത്ത് ഉപയോഗത്തിലിരിക്കുന്ന എല്ലാ ജ്യോതിഷ തത്വങ്ങളും ഗ്രന്ഥരൂപേണ സമാഹരിക്കപ്പെട്ടുകഴിഞ്ഞു.

> 'വിഫലാന്യന്യശാസ്ത്രാണി വിവാദസ്തേഷു കേവലം
> പ്രത്യക്ഷം ജ്യോതിഷം ശാസ്ത്രം ചന്ദ്രാർക്കൗ തത്ര
> സാക്ഷിണൗ'

മറ്റു ശാസ്ത്രങ്ങൾ വാദങ്ങളിലൂടെ സ്ഥാപിക്കേണ്ടവയായിരിക്കുമ്പോൾ സൂര്യനും ചന്ദ്രനും പ്രത്യക്ഷത്തിൽ തന്നെ സാക്ഷികളായിരിക്കുന്ന ജ്യോതിഷം സഫലമാണ് എന്നായിരുന്നു പണ്ടുകാലത്തെ ചിന്താഗതി. Science (സയൻസ്) എന്ന ആംഗലഭാഷാപദത്തിന്റെ പരിഭാഷയായിട്ടാണ് 'ശാസ്ത്രം' എന്ന വാക്ക് ഇന്ന് അറിയപ്പെടുന്നതെങ്കിൽ, 'പഠിപ്പിക്കപ്പെടേണ്ടത്, അനുവർത്തിക്കണമെന്ന് നിർദ്ദേശിക്കപ്പെടേണ്ടത്, എന്ന നിലയിൽ വിഷയാനുസാരം സാങ്കേതികമായി ക്രോഡീകരിക്കപ്പെട്ട അറിവ് എന്നാണ് ശാസ്ത്രമെന്ന പദം കൊണ്ട്

പണ്ട് വിവക്ഷിച്ചിരുന്നത്. ജ്യോതിഷം എന്ന വേദാംഗം 'Astronomy' എന്ന വാനശാസ്ത്രവും 'Astrology' എന്ന ഫലപ്രവചന ശാസ്ത്രവും സമജസമായി സമ്മേളിച്ചതാണ്. പ്രശസ്ത ശാസ്ത്രജ്ഞരായ 'കോപ്പർനിക്കസും' (Nicolas Copernicus, AD 1473-1543) 'കെപ്ലറും' (Johannes Kepler AD 1571-1630) വാനശാസ്ത്രജ്ഞൻമാരെന്നതിലുപരി ജ്യോതിഷികളുമായിരുന്നു. 17-ാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന 'പ്രശ്നമാർഗ്ഗവും ജാതകാദേശമാർഗ്ഗവും 'മുൻകാല ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരുന്ന വിഷയങ്ങൾ ക്രോഡീകരിച്ച് നിർമ്മിച്ചവയാണ്. ഈ ഗ്രന്ഥങ്ങളാണ് ഇന്ന് കേരളത്തിൽ ഫലപ്രവചനത്തിന് സർവ്വസാധാരണമായി ഉപയോഗപ്പെടുത്തുന്നത്. ജ്യോതിഷം കൊണ്ട് ഭവിഷ്യഫലസാധ്യതകൾ മാത്രമേ പ്രവചിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പ്രശ്നമാർഗ്ഗത്തിലെ 9-ാം അദ്ധ്യായത്തിൽ 'ആയുശ്ച ലോകയാത്രാ ച.......' എന്ന ശ്ലോകം പറയുന്നു. കൃത്യമായ ഭാവിഫലപ്രവചനം മനുഷ്യസാധ്യമല്ല എന്നാണ് ഈ ശ്ലോകങ്ങളിലെ സൂചന. പതിമൂന്നോ പതിനാലോ നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ കാര്യങ്ങളാണ് ഇന്ന് നാം ആശ്രയിക്കുന്ന എല്ലാ ജ്യോതിഷഗ്രന്ഥങ്ങളിലും വിവരിച്ചിരിക്കുന്നത്. ഉദാഹരണമായി, വിവാഹസംബന്ധമായ നിയമങ്ങൾ രൂപം പ്രാപിച്ചത് സമൂഹത്തിൽ ശൈശവ വിവാഹം നിലനിന്നിരുന്നപ്പോഴാണ്. അവയുൾപ്പടെയുള്ള എല്ലാ ജ്യോതിശ്ശാസ്ത്ര നിയമങ്ങളെയും ഇന്നത്തെ കാലസ്ഥിതിക്ക് അനുയോജ്യമായ വിധത്തിൽ വ്യാഖ്യാനിച്ച് ഫലം പറയുകമാത്രമാണ് ജ്യോത്സ്യന്മാർ ചെയ്തു കൊണ്ടിരിക്കുന്നത്.

ഇന്ന് നടപ്പിലുള്ള പരിഹാരമാർഗ്ഗങ്ങളുമായോ ദേവീദേവൻമാരുമായോ ബന്ധപ്പെട്ട ഒന്നും തന്നെ വേദാംഗ ജ്യോതിഷത്തിലോ ആദ്യകാല ജ്യോതിഷഗ്രന്ഥങ്ങളിലോ കാണുന്നില്ല. ജ്യോതിഷത്തിന്റെ അടിസ്ഥാന ഗ്രന്ഥമായി കേരളീയർ കണക്കാക്കുന്ന 'ബൃഹജ്ജാതക'മെന്ന വരാഹമിഹിരഹോരയുടെ ധ്യാനശ്ലോകം 'മൂർത്തിത്വേപരികല്പിത...', സൂര്യനെ സ്തുതിച്ചുകൊണ്ടുള്ളതാണെങ്കിൽ പ്രാചീനഗ്രന്ഥങ്ങളിലൊന്നായ 'മാനസാഗരീജാതക പദ്ധതി'യിലെ ധ്യാനശ്ലോകങ്ങൾ ആദിത്യനാഥൻ തുടങ്ങിയ പ്രമുഖജൈനദേവന്മാരെ പ്രകീർത്തിക്കുന്നതാണ്. 7 ആദ്യകാല ജ്യോതിഷാചാര്യന്മാരെക്കുറിച്ച് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ (AD 1864-1913) കാലം വരെയെങ്കിലും എല്ലാവർക്കും അറിയാമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ 'കേരളചരിത്രകാവ്യ'ത്തിൽ നിന്നും മനസ്സിലാക്കാം. അതിലെ 107-ാം ശ്ലോകം ▸▸

'ജ്യോതിഷത്തിലുമതേവിധം ബഹുപ്രീതിയോടു
ചില ജൈനപുസ്തകം
ഖ്യാതികേട്ട മിഹിരാദിനിർമ്മിതം രീതികണ്ടിഹ
പഠിപ്പിതന്തണർ'

എന്നാണ്. 'ബുദ്ധജൈന മതയോഗ ശക്തിയാൽ..........' എന്നു തുടങ്ങി 'മാനമോടു നിജശാസ്ത്രമാക്കിനാർ' എന്ന് അവസാനിക്കുന്ന 104-105 ശ്ലോകങ്ങളും ശ്രദ്ധേയമാണ്. ആയുർവേദത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളിലൊന്നായ 'അഷ്ടാംഗഹൃദയ'ത്തിന്റെ കർത്താവ് വാഗ്ഭടാചാര്യൻ ബൗദ്ധനായിരുന്നുവത്രേ.

വീരസിംഹൻ സൂര്യതേജസ്സിനെ സ്മരിച്ചുകൊണ്ട് ആരംഭിക്കുന്ന 'വീരസിംഹാവലോകനം' (AD 1383) എന്നഗ്രന്ഥത്തിൽ രോഗങ്ങൾക്കുള്ള ജ്യോതിശ്ശാസ്ത്രയോഗങ്ങളും അവയ്ക്കുള്ള കർമ്മവിപാകവും അതിനായിട്ടുള്ള മന്ത്രജപം, ദാനം, ഹോമം എന്നീ പ്രായശ്ചിത്തകർമ്മങ്ങളും അതാതു രോഗങ്ങൾക്കുള്ള ആയുർവേദചികിത്സയും പറഞ്ഞിരിക്കുന്നു. പഞ്ചരാത്ര-ആഗമഗ്രന്ഥങ്ങൾ AD 2-ാം നൂറ്റാണ്ടോടെ ആവിർഭവിച്ച് 12-ാം നൂറ്റാണ്ടോടെ ഏതാണ്ട്ഇന്നത്തെ സ്ഥിതിയിൽ എത്തിയിരുന്നുവെങ്കിലും കേരളത്തിന്റെ തനതുതന്ത്രശാസ്ത്രം ക്രോഡീകൃതമായത് AD 1427-ൽ ഭൂജാതനായ ബ്രഹ്മശ്രീ ചേന്നാസ് നാരായണൻ നമ്പൂതിരിയുടെ 'തന്ത്രസംഗ്രഹ'ത്തിലൂടെയാണ്.അതിനുശേഷമാണ് പരിഹാര-പ്രായശ്ചിത്തകർമ്മങ്ങൾ കേരളത്തിലെ ജ്യോതിഷപ്രയോഗങ്ങളിൽ കൂടുതലായി കലർന്നുതുടങ്ങിയത്. എന്നാൽ വൈദികമായ ധർമ്മസൂത്രങ്ങളെയും ഗൃഹ്യസൂത്രങ്ങളെയും അടിസ്ഥാനമാക്കി ആചരിച്ചുവന്നിരുന്ന 'കർമ്മവിപാകപ്രായശ്ചിത്ത'മെന്ന പദ്ധതി തന്നെ ഇന്ന് പ്രചാരത്തിൽ ഇല്ലാതായിട്ടുണ്ട്. പകരം വഴിപാടുകളാണ് പരിഹാരങ്ങളുടെ സ്ഥാനം കൈയ്യടക്കിയിരിക്കുന്നത്.

ഞെട്ടിക്കുന്ന വാർത്തകളാണ് ജ്യോതിഷത്തിന്റെ ദുരുപയോഗം സംബന്ധിച്ച് ദൃശ്യശ്രവ്യമാധ്യമങ്ങളിലൂടെ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. പല്ലുകളോടെ ജനിച്ച കുഞ്ഞ് പിതാവിന് വിനാശം വരുത്തുമെന്ന് ഏതോ ജ്യോതിഷി പറഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിൽ സ്വന്തം സന്തതിയെ അരുംകൊല ചെയ്ത അച്ഛന്റെ കഥ അവയിൽ ഒന്നു മാത്രമാണ്. പല്ലുകളോടെ ജനിക്കുവാനുള്ള യോഗം ജ്യോതിഷ ഗ്രന്ഥങ്ങളിൽ ഉണ്ട് എന്നതിനാൽ ഇത്തരം ജനനം സംഭാവ്യമാണെന്ന് പണ്ടുള്ളവർക്ക് അറിയാമായിരുന്നുവെന്ന് വ്യക്തം. വരാഹമിഹിരന്റെ ബൃഹജ്ജാതകത്തിലെ 4-ാം അദ്ധ്യായത്തിൽ 18-ാം ശ്ലോകത്തിന്റെ ആദ്യപാദം 'സൗമ്യർക്ഷാംശെ രവിജരുധിരൗ

ചേത് സദന്തോത്ര ജാതഃ' എന്നാണ്. കല്ല്യാണവർമ്മന്റെ "സാരാവലി'യിൽ 8-ാം അദ്ധ്യായത്തിലെ 57-ാം ശ്ലോകത്തിന്റെ അന്ത്യപാദമായി 'ബുധനവമ ഭാഗസംസ്ഥൗ ശശിഭൗമൗ യദി സദന്തസ്യാൽ' എന്നുകാണാം. 'സൗമ്യർക്ഷാംശെ.....' എന്നു തുടങ്ങുന്ന വരാഹമിഹിരന്റെ ശ്ലോകഭാഗം ഉദ്ധരിച്ചുകൊണ്ടാണ് വൈദ്യനാഥൻ തന്റെ 'ജാതകപാരിജാതക' ത്തിന്റെ 6-ാം അദ്ധ്യായത്തിലെ 49-ാമത്തെ ശ്ലോകം ആരംഭിക്കുന്നത്. കുജമന്ദന്മാർ ബുധക്ഷേത്രത്തിൽ അംശകിച്ച സമയത്ത് ജനിക്കുന്നവൻ പല്ലോടുകൂടിയവനാകും എന്നാണ് ഈ ശ്ലോകപാദങ്ങളുടെ അർത്ഥം. എന്നാൽ നവജാതശിശു പിതാവിന്റെ മരണത്തിന് കാരണമാകുമെന്ന് വരാഹമിഹിരൻ പറഞ്ഞിട്ടില്ല. പല്ലുകളോടെ ജനിച്ച കുഞ്ഞ് പിതൃഘാതകനാകുമെന്ന് പ്രവചിച്ചപ്പോൾ ആ ശിശുവിന്റെ ജാതകത്തിൽ ഈ യോഗത്തിനുള്ള അപവാദങ്ങൾ ഇല്ലാ എന്ന് മേൽപ്പറഞ്ഞ ജ്യോതിഷി ഉറപ്പാക്കിയിട്ടുണ്ടായിരുന്നോ എന്ന് അറിഞ്ഞുകൂടാ. ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ നിർണായക തീരുമാനം എടുക്കുവാനായി ജ്യോതിഷികളെ സമീപിക്കുന്നവരുടെ എണ്ണം അനുദിനം ഏറിവരികയാണ്. എന്നാൽ തന്നെത്തേടിയെത്തുന്നവരുടെ ഭാവി താൻ നൽകുന്ന ഉപദേശത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന ബോധവും തന്റെ തൊഴിലിനോട് പ്രതിബദ്ധതയും ഇന്നത്തെ ജ്യോതിഷികൾക്ക് ഉണ്ടോ? ജ്യോതിഷം ഒരു തൊഴിലായിട്ടാണല്ലോ ജ്യോത്സ്യൻമാരുൾപ്പടെയുള്ള ഇന്നത്തെ ജനസമൂഹം കണക്കാക്കുന്നത്.

ജ്യോതിഷം സംഭാവ്യതകളുടെയും സാദ്ധ്യതകളുടെയും ശാസ്ത്രമാണ്. പ്രശസ്ത മനശ്ശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡിന്റെ (Sigmund Freud AD 1856-1939) ശിഷ്യനും സഹപ്രവർത്തകനുമായ കാൾ യുങ്ങ് (Carl G. Jung 1875-1961) ഭാരതീയ തത്വചിന്തയിലും ജ്യോതിഷത്തിലും പഠനം നടത്തിയശേഷം പറഞ്ഞിരിക്കുന്നത് ജ്യോതിഷം- പ്രത്യേകിച്ചും ഭാരതീയ ജ്യോതിഷം- പൗരാണിക മനശ്ശാസ്ത്രമാണെന്നാണ്. മുൻവിധികൾ കഴിയുന്നത്ര ഒഴിവാക്കിയാൽ ഈ മനശ്ശാസ്ത്ര ജ്യോതിഷം (Psychology Astrology) ഒരു വ്യക്തിവികസന സിദ്ധാന്തവും മനോനിർണ്ണയോപാധിയുമാണെന്നാണ് യുങ്ങ് പറയുന്നത്. ഒരു വ്യക്തിയുടെ മനസ്സിന്റെ ഘടനയും പ്രവർത്തനവും അയാളുടെ ജനനസമയ ഗ്രഹനിലയിൽ ഒരു കണ്ണാടിയിലെന്നപോലെ കാണാമെന്നും മാതാവിനെ സൂചിപ്പിക്കുന്ന ഗ്രഹങ്ങളും പിതാവിനെ സൂചിപ്പിക്കുന്ന ഗ്രഹങ്ങളും ഒരാളുടെ പാരമ്പര്യസിദ്ധമായ സ്വഭാവത്തെയാണ് ചൂണ്ടിക്കാണിച്ചുതരുന്നതെന്നും യുങ്ങ് പറയുന്നു. ▸▸

▶▶ വിധിവിഹിതവാദമനുസരിച്ച് സ്ഥല, സമയ, പശ്ചാത്തല സ്വാധീനം കണക്കിലെടുക്കുമ്പോൾ ഓരോരോ വ്യക്തിയും തന്റെ കുടുംബവും താവഴിയുമായി കർമ്മബന്ധത്താൽ യോജിപ്പിക്കപ്പെട്ടവരും ഓരോരോ കർമ്മം ചെയ്യാൻ നിയോഗിക്കപ്പെട്ടവരുമാണെന്ന സിദ്ധാന്തപശ്ചാത്തലത്തിൽ കാൾയുങ്ങ് തന്റേതും തന്റെ കുടുംബാംഗങ്ങളുടേതും ഉൾപ്പടെ അസംഖ്യം ജനനസമയഗ്രഹനിലകൾ പരിശോധിച്ചശേഷമാണ് സ്വന്തം നിഗമനങ്ങളിൽ എത്തിച്ചേർന്നത്. കാൾയുങ്ങിന്റെ മകൾ ഗ്രെ ബാമൻ യുങ്ങ് (Gret Bauman Jung) ജ്യോതിഷിയും ഗ്രന്ഥകർത്രിയുമാണ്.

'സത്യം ബ്രൂയാത് പ്രിയം ബ്രൂയാത്
ന ബ്രൂയാത് സത്യമപ്രിയം
നാ/സത്യം ച പ്രിയം ബ്രൂയാത്
ഏഷ ധർമ്മഃ സനാതനഃ'

സത്യവും പ്രിയവുമായ കാര്യങ്ങളേ പറയാവൂ. അപ്രിയസത്യം പറയാതിരിക്കുന്നതാണ് നല്ലത്. പ്രിയമായതാണെങ്കിൽക്കൂടി അസത്യം ഒരിക്കലും പറയരുത്. ഇതാണ് സനാതനമായ ധർമ്മം എന്നിരിക്കെ ജീവിതപ്രശ്നങ്ങളുടെ കുത്തൊഴുക്കിൽപ്പെട്ട് അവശരും ഇതികർത്തവ്യതാമൂഢരുമായി തങ്ങളെ സമീപിക്കുന്നവരെ വേണ്ടവിധം സാന്ത്വനിപ്പിക്കുന്നില്ല എന്നു മാത്രമല്ല, അവരെ കൂടുതൽ ഭയപ്പെടുത്തി, ചിലവേറിയ പരിഹാരാദികൾ നിർദ്ദേശിക്കുകയോ, സ്വയം അവ ചെയ്തുകൊടുത്ത് പ്രതിഫലമായി കനത്ത തുക (fee) കൈക്കലാക്കുകയോ ചെയ്യുന്ന പ്രച്ഛന്ന ജ്യോതിഷികൾ ദിനംപ്രതി വർദ്ധിച്ചുവരുന്നു, ജ്യോതിഷത്തിന്റെ ബാലപാഠങ്ങൾപോലുമറിയാത്ത ചിലരുടെ പ്രലോഭനങ്ങളുടെ ചൂണ്ടയിൽ കുടുങ്ങി ചൂഷണത്തിനിരയാകുന്ന നിർഭാഗ്യവാൻമാരുടെ എണ്ണവും! ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തുവാൻ സാധിച്ചാൽ അത് സമൂഹത്തിന് വളരെയേറെ ഗുണം ചെയ്യും.

## ഉപസംഹാരം

ജ്യോതിഷഗ്രന്ഥങ്ങൾ ചിട്ടയായി പഠിച്ചതിൽനിന്നും ആ വിഷയത്തിൽ വേണ്ടത്ര അറിവ് ലഭിച്ചിട്ടുണ്ട് എന്നതിനും Psychological Counselling-ൽ യോഗ്യത സമ്പാദിച്ചിട്ടുണ്ട് എന്നതിനും പരീക്ഷയുടെയോ Test-ന്റെയോ അടിസ്ഥാനത്തിൽ ഒരു Certificate ഏർപ്പെടുത്തുകയും അങ്ങിനെയുള്ളവരെ registration നൽകി അംഗീകരിക്കുകയും, അംഗീകാരമുള്ളവർക്കുമാത്രമായി ജ്യോതിഷപ്രയോഗാവകാശം നിയന്ത്രിക്കുകയും ചെയ്യുന്നത് ഈ രംഗത്ത് ഇന്നു കാണുന്ന അനാശാസ്യ

പ്രവണതകൾ കുറയ്ക്കാൻ സഹായിക്കും. മറ്റു തൊഴിൽ രംഗങ്ങളിലെന്നപോലെ കള്ളനാണയങ്ങൾ തുടർന്നും കടന്നുകയറിയേക്കാമെങ്കിലും ഇത്തരം നിയന്ത്രണങ്ങൾ കൊണ്ട് അത്തരക്കാരുടെ എണ്ണം കുറയാനാണ് സാദ്ധ്യത. പാരമ്പര്യമായി ജ്യോതിഷം കൈകാര്യം ചെയ്യുന്നവരുടെ കാര്യത്തിൽ അവരുടെ പ്രായോഗികപരിചയം അടിസ്ഥാനമാക്കി registration അനുവദിക്കുകയുമാവാം. 8 മാസമോ ഒരു വർഷമോ മറ്റോ ഗുളികരൂപത്തിൽ ജ്യോതിഷം പഠിച്ച്, പേരിന് ഒരു Certificate ഉം സമ്പാദിച്ച്, നേരെ ജ്യോതിഷത്തൊഴിലിലേക്ക് ഇറങ്ങുന്നവരേയും, പണം കൊടുത്താൽ ഇന്ന് ആർക്കും സുലഭമായി ലഭിക്കുന്ന ജ്യോതിഷാദികളിലെ Doctorate ഉം ബിരുദങ്ങളും അവാർഡുകളും (Awards) കൈമുതലാക്കി ജ്യോതിഷരംഗത്തേക്ക് കടന്നുവരുന്നവരേയും റോഡുവക്കിൽപോലും കിട്ടുന്ന വിലകുറഞ്ഞ ജ്യോതിഷഗൈഡുകൾ (Guides) മാത്രം വായിച്ച് വാചാലത കൈവരിച്ച ജ്യോതിഷോപജീവികളേയും നിയന്ത്രിക്കേണ്ടത് സമൂഹത്തിന്റെ ആരോഗ്യകരമായ അവസ്ഥയ്ക്ക് അത്യാവശ്യമാണ്.

സ്വന്തം ജീവിതം തന്നെ ജ്യോതിശ്ശാസ്ത്ര പരീക്ഷണനിരീക്ഷണങ്ങൾക്കായി ഉഴിഞ്ഞുവയ്ക്കപ്പെട്ടവരാൽ രചിക്കപ്പെട്ടവയാണ് പ്രാചീന ജ്യോതിഷഗ്രന്ഥങ്ങൾ. ജ്യോതിഷ ഗവേഷണങ്ങൾക്ക് മുൻപന്തിയിൽ നിന്നിരുന്ന ഒരു ഭൂവിഭാഗമായിരുന്നു നമ്മുടെ ഈ കൊച്ചുകേരളം. 55 വർഷം നിളാതീരത്ത് മലർന്നുകിടന്ന് വാനനിരീക്ഷണം നടത്തി, അക്കാലത്ത് നിലവിലുണ്ടായിരുന്ന ജ്യോതിർഗ്ഗണിതത്തിലെ 'പരഹിത' സമ്പ്രദായത്തെ കാഴ്ചക്കൊത്തവണ്ണം തിരുത്തി, കൃത്യമാക്കി 'ദൃഗ്ഗണിത'മെന്ന സമ്പ്രദായം ആവിഷ്കരിച്ച, തിരൂരെ വടശ്ശേരിയിൽ AD 1360 ൽ ജനിച്ച പരമേശ്വരൻനമ്പൂതിരിയേപ്പോലുള്ള പൂർവ്വസൂരികൾ നമുക്ക് ശരിയാംവിധമുള്ള ജ്യോതിഷപഠനത്തിന് പ്രചോദനമേകും. ഷഡംഗത്തോടെ ത്രിസ്കന്ധാത്മകമായ ജ്യോതിഷത്തിന്റെ എല്ലാ മേഖലകളും, കൂടാതെ മനശ്ശാസ്ത്രവും (psycology) ഉൾപ്പെടുത്തിക്കൊണ്ട് ആധുനികസമ്പ്രദായത്തിൽ ഒരു പാഠ്യപദ്ധതി (syallabus) രൂപീകരിച്ച് സർവ്വകലാശാലാതലത്തിൽ പഠനസൗകര്യം ഏർപ്പെടുത്തുകയും സർക്കാരും സന്നദ്ധസംഘടനകളും മറ്റും scholarship മുതലായവ നൽകി പഠിതാക്കളെ പ്രോത്സാഹിപ്പിക്കുകകൂടി ചെയ്താൽ വിദ്യാസമ്പന്നരായ ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധരെ സൃഷ്ടിക്കുവാൻ സാധിക്കും. ഇതിനായി ഇന്നാട്ടിലെ ജ്യോതിഷ സംഘടനകളും സാമുദായിക സംഘടനകളും രാഷ്ട്രീയ-സാമൂഹ്യ നേതാക്കളും ഉണർന്ന് പ്രവർത്തിക്കണമെന്നും ഈ പദ്ധതി നടപ്പിലാക്കുവാൻ തക്ക സമ്മർദ്ദം സർക്കാ ▶▶

▶▶ രിൽ ചെലുത്തണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ വ്യക്തിയുടെ ജനനസമയഗ്രഹനില അഥവാ ജാതകവും അത് പരിശോധിക്കുന്ന സമയത്തെ ഗ്രഹനിലയുമായി ബന്ധിപ്പിച്ചുകൊണ്ടാണ് പ്രശ്നങ്ങളെ വിശകലനം ചെയ്ത് വിശദീകരിക്കുന്നത് എന്നതിനാൽ ഒരു മനശ്ശാസ്ത്രജ്ഞൻ നൽകുന്നതിനേക്കാൾ കൃത്യവും കാര്യക്ഷമവുമായ ഉപദേശങ്ങൾ നൽകി വ്യക്തികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുവാൻ ജ്യോതിഷമനശ്ശാസ്ത്രജ്ഞർക്കു കഴിയും. വിദേശരാജ്യങ്ങളിൽ വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുന്ന Astropsychology ഭാരതത്തിലും ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. സന്മാർഗത്തിലധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുവാനുള്ള യത്നത്തിൽ പങ്കാളികളാകാൻ ആഹ്വാനം ചെയ്യുന്നതോടൊപ്പം ജ്യോതിഷത്തിന്റെ സമഗ്ര മേഖലകളിലും അറിവ് വർദ്ധിപ്പിക്കുവാനും psychological counselling ൽ പ്രാഥമികമായ അറിവെങ്കിലും നേടുവാനും അൽപം സമയം കണ്ടെത്തണമെന്ന് ജ്യോതിഷികളോട് താഴ്മയായി അപേക്ഷിക്കുകയും ചെയ്യുന്നു.

ലോകാ : സമസ്താ : സുഖിനോ ഭവന്തു.

# അമ്മ മമ്മിയായാൽ

സി.എം. കൃഷ്ണനുണ്ണി

അമ്മമാർ മമ്മിമാരായപ്പോൾ മക്കളോടുള്ള അവരുടെ കാഴ്ചപ്പാടിലും മാറ്റം വന്നു. നല്ല സാമ്പത്തികവരുമാനം തൊഴിൽമേഖലയിലൂടെയും വിവാഹത്തിലൂടെപോലും ഉണ്ടാക്കുവാനാവുന്ന സന്താനത്തെയാണ് മമ്മിമാർ - അമ്മമാരിൽ ഏറിയകൂറും - ഇന്ന് ആഗ്രഹിക്കുന്നത്. അതിലാഭം കൊയ്യുന്ന മക്കൾ!!! അതിനിടയിൽ അവർ ചെയ്തുകൂട്ടുന്ന സദാചാരവിരുദ്ധവും അധാർമ്മികവുമായ പ്രവൃത്തികളുടെ നേരെ കണ്ണുചിമ്മുകയും അവയെ സാമാന്യവൽക്കരിക്കുകയും ചെയ്യുന്ന മമ്മി-ഡാഡിമാർ!!! മക്കൾ വേണമെന്ന ആഗ്രഹംപോലും 'താൻ മച്ചിയല്ല' എന്ന് വരുത്തിത്തീർക്കുവാൻ എന്നതിനപ്പുറം ശൈശവലീലകൾ കണ്ട് രസിക്കുവാനോ സ്വന്തം കുടുംബത്തിനോ സമൂഹത്തിനോ ഉപകരിക്കേണ്ട ഒരു ജന്മത്തിന് കാരണമാകുവാനോ അല്ലാത്ത മമ്മിത്തം സമൂഹത്തിന് വിനാശകരവും ലജ്ജാകരവുമായിത്തീരുന്ന സംഭവങ്ങൾ എമ്പാടും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

കുടുംബവരുമാനത്തിലൊതുക്കിയും ഉപഭോഗതൃഷ്ണ കുറച്ചും നാട്ടു മര്യാദയ്ക്കു നിരക്കുന്നവിധത്തിലും ഒരു കുടുംബിനി തന്റെ കുടുംബം പാലിച്ചിരുന്നുവെങ്കിൽ കുടുംബനാഥന്റെ ആത്മഹത്യയും ഇപ്പോഴത്തെ ഈ 'സോളാർ തട്ടിപ്പും' അത് വമിപ്പിച്ചുകൊണ്ടിരിക്കുന്ന വാടനാറ്റവും ഒഴിവാക്കാമായിരുന്നില്ലേ? ഇന്നത്തെ വ്യവസ്ഥയിൽ, പഠിപ്പിലെ മിടുക്ക് സ്വഭാവദാർഢ്യമാവുന്നില്ല എന്നതിന്റെ ഉദാഹരണമാണ് 1994-ൽ 600-ൽ 338 മാർക്കു നേടി എസ്.എസ്.എൽ.സി. പാസ്സാവുകയും സാങ്കേതികബിരുദവും എം.ബി.എ.യും കരസ്ഥമാക്കുകയും ചെയ്ത സരിത എസ്. നായർ. സാസ്കാരികമായി മൗനം പാലിച്ച ഒരു അമ്മയുടെ - മമ്മിഭാവത്തിന്റെ - സൃഷ്ടിയല്ലേ ആ സരിത! അവർ കോടതിയിൽവെച്ച് സ്വന്തം മക്കളെക്കുറിച്ചു ഓർത്ത് വിതുമ്പിയത്രെ! ആ പിഞ്ചുമക്കൾക്ക് എന്തു സാംസ്കാരിക പശ്ചാത്തലമാണ് അവർ ഒരുക്കിയിരിക്കുന്നത്?

മറ്റൊരു കഥ : പെറ്റമ്മയുടെ മരണം മക്കൾ 25 ദിവസം കഴിഞ്ഞ ശേഷം അറിയാനിടയായ കഥ! ആലപ്പുഴ, മാവേലിക്കര, ചെട്ടിക്കുങ്ങരിയലെ അളകാപുരി വീട്ടിൽ സുമതി നായർ (71) ഏകാകിയായി 25 ദിവസമാണ് മരിച്ചുകിടന്നത്. പ്രമുഖ അസ്ഥിരോഗവിദഗ്ധന്റെ ആ അമ്മ നെഞ്ചിൽ കൈവെച്ച നിലയിൽ അസ്ഥിമാത്രമായി കിടക്കുന്ന കാഴ്ചയാണ് വാതിൽ പൊളിച്ച് അകത്തുകയറിവർ കണ്ടതത്രെ. ഭർത്താവിനോടൊത്ത് സുഖജീവിതം നയിക്കുന്ന മകൾക്കും കുടുംബസമേതം മികച്ച പ്രൊഫഷണൽ ജീവിതം നയിക്കുന്ന മകനും ഒന്നിടവിട്ട ദിവസങ്ങളിലെങ്കിലും അമ്മയുടെ സുഖവിവരമറിയാൻ മനസ്സുണ്ടായിരുന്നുവെങ്കിൽ സമൂഹത്തെ ഞെട്ടിച്ച ഈ അനാഥമരണം ഉണ്ടാവുമായിരുന്നുവോ? സ്വന്തം പാർപ്പിടത്തിലൊരിടം അമ്മയ്ക്ക് സ്നേഹപൂർവ്വം മക്കൾ നൽകിയിരുന്നുവെങ്കിൽ സമ്പന്നയായ സുമതി നായർക്ക് ഈ ഗതി ഉണ്ടാകുമായിരുന്നുവോ? സാമ്പത്തികസുരക്ഷിതത്വവും താൻപോരിമയും തനിക്കും മക്കൾക്കും ഒരുക്കുന്നതിന്നിടയിലായിരിക്കണം സുമതി നായരുടെ ജീവിതത്തിൽ ഈ ദുർവിധിയുടെ ബീജാവാപം നടന്നത്.

എട്ട് ആൺമക്കളും ഒരു മകളും ഉള്ള ഒരു അമ്മ ആശുപത്രിയിൽ വെച്ചു നേരിടേണ്ടിവന്ന ശാസനയുടെ കഥ കഴിഞ്ഞ ദിവസം ഒരു സുഹൃത്തു പറയുകയുണ്ടായി. ആൺമക്കളാരും തിരിഞ്ഞുനോക്കാത്ത അവസ്ഥയിൽ അമ്മയ്ക്ക് ആശുപത്രിയിൽ സ്വന്തം തലവിധിയെ പഴിച്ചു കൂട്ടിരിക്കുന്ന മകൾ അമ്മയെ ശാസിക്കുന്നതാണ് എന്റെ സുഹൃത്തു കേട്ടത്. 'ഡോക്ടർ വരുമ്പോഴെങ്ങാനും ചുമച്ചാൽ എന്റെ തനിനിറം ▸▸

▶▶ ഞാൻ പുറത്തെടുക്കും' എന്നാണത്രെ മകൾ താക്കീതിന്റെ സ്വരത്തിൽ പറഞ്ഞത്. ഡോക്ടർ കേൾക്കെ അമ്മ ചുമച്ചാൽ അതിന്റെ പേരിൽ ആസ്പത്രിവാസം ദീർഘിച്ചേയ്ക്കുമെന്നാവാം മകളുടെ ഭീതി.

ഇങ്ങനെ വാർധക്യത്തിൽ അപഖ്യാതിയും അവഗണനയും നേടുവാനും ശിക്ഷ സഹിക്കുവാനുമാണോ മക്കളെ പോറ്റി വളർത്തുന്നതെന്ന് ചിന്തിക്കണം. സ്വീകാര്യമല്ലാത്ത വഴിക്കു തന്നിഷ്ടം കാട്ടി നീങ്ങുന്ന മകളെ ശാസിക്കുന്നതിന്നിടയിൽ, 'നിന്നെ പോറ്റി വളർത്തി വലുതാക്കിയത് ഇതിനാണോ' എന്നു ചോദിച്ച പിതാവിനോട് മകൾ ചോദിച്ചുവത്രെ, 'അതൊക്കെ നിങ്ങളുടെ ഉത്തരവാദിത്വം മാത്രമല്ലേ' എന്ന്. ജനിപ്പിച്ചുപോയ കുറ്റത്തിന്റെ ശിക്ഷയാണ് പോറ്റിവളർത്തൽ എന്നാവാം ആ മകൾ വിശ്വസിക്കുന്നത്. പോറ്റി വളർത്തപ്പെട്ടതിന്റെ പേരിൽ യാതൊരു ഉത്തരവാദിത്വവും രക്ഷിതാക്കളോടു നിറവേറ്റാനുള്ളതായി ആ മകൾ കരുതുന്നുമില്ല. അവൾ പുതിയ തലമുറയുടെ പ്രതിനിധിയാണോ? പുതിയ തലമുറയിലെ ബഹുഭൂരിപക്ഷത്തിന്റെ പ്രതിനിധിയായിരിക്കാം. ദൂരദേശത്ത് മാന്യമായ ജോലിയുള്ള മകൻ അത് ഉപേക്ഷിച്ച് നാട്ടിൽ അവശയായി കിടക്കുന്ന അമ്മയ്ക്ക് സഹായത്തിനായി വന്നു താമസിക്കുന്ന സംഭവവും ഈ ലേഖകന് അറിയാം. അങ്ങനെയും മക്കളുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും.

ഇവിടെയാണ് ഭർത്താവിനെ ഈശ്വരനായി കാണുന്ന, ഭാര്യയെ ഈശ്വരിയായി കാണുന്ന, മക്കളെ ഇഷ്ടദേവതകളായി കാണുന്ന 'മാതാപിതാ ഗുരു ദൈവം' എന്നും 'മാതൃദേവോ ഭവ, അതിഥി ദേവോ ഭവ' എന്നും ഉദ്ഘോഷിക്കുന്ന ഭാരതീയ ആദ്ധ്യാത്മികപാരമ്പര്യത്തിന്റെ പ്രസക്തി. 'ഭാവോ ഹി ദൈവതം' എന്നാണ് പ്രമാണം. ഭാവമാണ് മുഖ്യം. 'യദ്ഭാവോ തദ്ഭവതി' എന്നും പ്രമാണമുണ്ട്. ചൂഷകനായ മകനെ വിവിധ പ്രൊഫഷണൽ രൂപങ്ങളിൽ സാക്ഷാത്ക്കരിക്കാൻ ഉദ്യമിക്കുന്ന മാതാപിതാക്കൾക്ക് തങ്ങളെ ചൂഷണംചെയ്തു മൃതരാക്കുന്ന മക്കളെ ലഭിക്കുന്നു. കൗസല്യ തന്റെ മകനായി പിറന്ന ശ്രീരാമനെ വിഷ്ണുവായി കണ്ടു. ദേവകീവസുദേവന്മാരും അങ്ങനെ ചെയ്തു. ഭർത്താവിനെ ശിവഭാവേന ദർശിച്ചുകൊണ്ടും ഭാര്യയെ ദേവീഭാവേന ദർശിച്ചുകൊണ്ടും വേണം ദാമ്പത്യജീവിതം നയിക്കുവാൻ എന്ന് ലളിതോപാഖ്യാനം (3-31, 32, 33) നിർദ്ദേശിക്കുന്നു. സൽസന്താനലബ്ധിക്ക് ഗർഭസ്ഥശിശുവിലും ജനിച്ചു വളരുന്ന സന്താനങ്ങളിലും ദൈവികത അദ്ധ്യാരോപിക്കുകതന്നെ വേണം. അവരിലെ ദൈവികത ആവിഷ്കരിക്കപ്പെടുവാൻ അതു കൂടിയേതീരൂ.

# ക്ഷേത്രം മഹാസാധകൻ

പറവൂർ ജ്യോതിസ്സ്

ഹിന്ദുക്കളുടെ ആരാധനാലയമാകുന്ന ക്ഷേത്രത്തെ മഹാസാധകനെന്നും, മനുഷ്യനെ സാധകനെന്നും ഋഷീശ്വരന്മാർ രൂപകല്പന ചെയ്യുന്നു. ജീവാത്മാവായ മനുഷ്യനു ഈശ്വരസാക്ഷാത്ക്കാരം കിട്ടിയതിനുശേഷം ബ്രഹ്മസാക്ഷാത്കാരം ലഭിക്കുവാൻ സാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപാധിയാണ് ദേവാലയം അഥവാ ക്ഷേത്രമെന്ന് ഋഷിപ്രോക്തശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നു. രണ്ടു സാധകരുടെയും ശരീരഘടനയ്ക്കും അവയവങ്ങൾക്കും തമ്മിൽ സാമ്യമുണ്ടെങ്കിൽ മാത്രമേ ഈ ഉപാധിതത്ത്വം പ്രയോഗിക്കുവാനും സാക്ഷാത്കരിക്കുവാനും സാധിക്കുകയുള്ളൂ.

മനുഷ്യ-ക്ഷേത്ര സാധകന്മാരുടെ ശരീരാവയവ വിന്യാസസാമ്യം എപ്രകാരം സാമ്യപ്പെടുത്തിയിരിക്കുന്നുവെന്ന് ദേവാലയശില്പ ശാസ്ത്ര ഗ്രന്ഥമായ 'വിശ്വകർമ്മീയ'ത്തിൽ 'ഗർഭഗൃഹം ശിരഃപ്രോക്തം' എന്നു തുടങ്ങുന്ന ശ്ലോകത്തിൽ വിശദീകരിക്കുന്നുണ്ട്. ഈ അവയവസാമ്യം മറ്റു ഗ്രന്ഥങ്ങളിൽ വ്യത്യാസപ്പെട്ടും കാണുന്നു.

സാധാരണ മഹാക്ഷേത്രങ്ങളിൽ ഗോപുരം പാദവും, പ്രദക്ഷിണവഴി കാൽമുട്ടും, വിളക്കുമാടം അരക്കെട്ടും, വലിയമ്പലം ഉദരവും, നമസ്കാരമണ്ഡപം ഹൃദയവും, സോപാനം ഗളവും, മൂന്നുവശം ചുറ്റമ്പലം കൈയ്യുകളും, ഗർഭഗൃഹം ശിരസ്സും, താഴികക്കുടം മൂർദ്ധാവായും പറയാറുണ്ട്. ദീപങ്ങൾ നേത്രവും, ഘണ്ടാ ശ്രോത്രവുമാകുന്നു. ചില ഗ്രന്ഥങ്ങളിൽ 'തല' എന്നത് മൂർദ്ധാവ് എന്ന നിലയിലും, ചിലതിൽ കഴുത്തിനുമുകളിൽ പഞ്ചേന്ദ്രിയങ്ങളടക്കമുള്ള തലയായും, പറയുന്നു.

ക്ഷേത്രങ്ങൾ, സാധാരണയായി പഞ്ചപ്രാസാദ-പഞ്ചപ്രാകാര-ഷഡാധാരയുക്തമായ മഹാക്ഷേത്രങ്ങളായും കാണുന്നു. എന്നാൽ ചിലയിടങ്ങളിൽ സപ്തപ്രാകാരമായും ക്ഷേത്രങ്ങളുണ്ട്.

മനുഷ്യശരീരത്തിലെ അവയവങ്ങൾ ഒരു ദേവശരീരത്തിൽ തുല്യമായി സങ്കല്പിക്കുകയും, ദേവന്റെ കാൽപ്പാദങ്ങൾ ക്ഷേത്രഗോപുരത്തിലും, തല ഗർഭഗൃഹത്തിലും വരുന്നവിധം ആ ദേവൻ മലർന്നുകിടക്കുകയും ചെയ്താൽ എപ്രകാരമാണോ ശരീരാവയവങ്ങൾ വിന്യസിക്കപ്പെടുന്നത് അപ്രകാരമാണ് ഒരു ക്ഷേത്രശരീരം രൂപകല്പന ചെയ്തിരിക്കുന്നത്.

ഷഡാധാരപ്രതിഷ്ഠയുള്ള ഒരു സാധാരണക്ഷേത്രത്തിൽ ഈ

▶▶ അവയവകല്പന എപ്രകാരമാണമെന്ന് പുരാതനങ്ങളായ താളിയോലഗ്രന്ഥങ്ങളിൽ ചെറിയ വ്യത്യാസത്തോടുകൂടിയും എന്നാൽ വളരെ വിശദമായും രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ ദേവാലയത്തെ (ക്ഷേത്രത്തെ) മനുഷ്യശരീരമായും, ക്ഷേത്രത്തിലെ ഗർഭഗൃഹത്തെ (ശ്രീകോവിലിനെ) മനുഷ്യഹൃദമായും കല്പിക്കുന്നു. ശ്രീകോവിലിനുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥിരബിംബം പരാത്മാവായും, ശീവേലിക്ക് എഴുന്നള്ളിക്കുന്ന ചരബിംബം (ചലബിംബം) ജീവാത്മാവായും സാമ്യപ്പെടുത്തിയിരിക്കുന്നു. സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യശരീരത്തെയും ചരബിംബമായി സങ്കല്പിക്കണം.

'ക്ഷേത്രം ശരീരമാകുമ്പോൾ, ശ്രീകോവിൽ ഹൃദയം തഥാ ബിംബമാം പരമാത്മാവ്, ജീവാത്മ ചരബിംബവും.'

ഋഷീശ്വരന്മാർ, മനുഷ്യശരീരകോശങ്ങളെ അഞ്ചായി തിരിച്ചു. ഈ കോശങ്ങൾക്ക് സമമായിത്തന്നെയാണവർ ക്ഷേത്രശരീരകോശങ്ങളെ പഞ്ചപ്രാകാരകോശങ്ങളായി തിരിച്ചത്. പ്രാണമയം, അന്നമയം, ആനന്ദമയം, മനോമയം, വിജ്ഞാനമയം എന്നീ കോശങ്ങൾ യഥാക്രമമായോ അല്ലാതെയോ ശ്രീകോവിൽ, അകത്തെ ബലിവട്ടം, വിളക്കുമാടം, പുറത്തെ ബലിവട്ടം, പുറംമതിൽ ഇവയാകുന്നു. മനുഷ്യശരീരത്തിന്റെ മുകൾ ഭാഗമായ തലയും, ശ്രീകോവിലിന്റെ മുകൾഭാഗമായ താഴികക്കുടവും തമ്മിൽ ഇവിടെ ബന്ധപ്പെടുത്തിയിരിക്കുന്നു.

'പഞ്ചകോശങ്ങൾ പ്രകാരം മൂർദ്ധാവാം താഴികക്കുടം
ബൃഹദാലയം ബാഹുക്കൾ, നാസികാ മുഖമണ്ഡപം.'

(വിസ്തരഭയത്താൽ മുഴുവൻ പ്രമാണങ്ങളും ചേർക്കുന്നില്ല).

'തന്ത്രി, ദേവലകൻ, വാര്യർ, ഊരാളർ, ഭരണം, തഥാ
ശംഖുവാദ്യാദി നൃത്തങ്ങൾ, കൂത്ത്, വായന, ആട്ടവും
ദശപ്രാണങ്ങളാകുന്നു, ക്ഷേത്രദേഹത്തിലങ്ങനെ.'

ഇപ്രകാരമുള്ള മനുഷ്യശരീര-രൂപകല്പന ഒന്നുകൊണ്ടു മാത്രമേ പാഞ്ചഭൗതികമായ ഊർജ്ജങ്ങളിൽനിന്നും രൂപംകൊണ്ട ഈശ്വരചൈതന്യത്തെ മനുഷ്യശരീരത്തിലേക്ക് പ്രസരിപ്പിക്കാൻ സാധിക്കുകയുള്ളൂ. നമുക്കുചുറ്റും വായു നിറഞ്ഞുനില്ക്കുന്നുണ്ടെങ്കിലും ഒരു വിശറിയാകുന്ന ഉപാധികൊണ്ട് വീശിയാൽ പെട്ടെന്ന് ആ വായുവിനെ നമുക്ക് അനുഭവിക്കുവാൻ സാധിക്കുന്നതുപോലെ അകവും പുറവും തിങ്ങിനില്ക്കുന്ന മഹിമാവാർന്ന ദൈവചൈതന്യത്തെ ക്ഷേത്രമാകുന്ന ഉപാധിയിൽകൂടി ഒരു ഭക്തന് പെട്ടെന്ന് സ്വീകരിക്കുവാൻ സാധിക്കും. രഹസ്യമായി ഒളിഞ്ഞിരിക്കുന്ന അഗ്നിയെ 'അരണി കടയുക' എന്ന

ക്രിയയിൽകൂടി അനുഭവിക്കുവാൻ സാധിക്കുന്നതുപോലെ രഹസ്യമായി ഒളിഞ്ഞിരിക്കുന്ന ഈശ്വരചൈതന്യത്തെ നിത്യേനയുള്ള ക്ഷേത്രദർശനംകൊണ്ട് സ്വായത്തമാക്കുവാനും സാക്ഷാത്കരിക്കുവാനും സാധിക്കും.

ശ്രീകോവിലിനകത്ത് സ്ഥിതിചെയ്യുന്ന ശിലാമയിയോ ലോഹമയിയോ ആയ പ്രതിമ, ബിംബപ്രതിബിംബഭാവേന ദേവചൈതന്യത്തെ പുറത്തുവിടുന്നതുകൊണ്ട് പ്രതിമയെ ബിംബം എന്നും, വിശേഷിച്ച് ചൈതന്യത്തെ ഗ്രഹിക്കുവാൻ ശക്തിയുള്ളതുകൊണ്ട് വിഗ്രഹം എന്നും പറയുന്നു. പ്രകർഷത്തോടുകൂടി (ഉത്കർഷത്തോടെ) ചൈതന്യം സ്ഥിതിചെയ്യുന്നതുകൊണ്ട് പ്രതിഷ്ഠ എന്ന നാമത്താലും അറിയപ്പെടുന്നു.

നിത്യവും സന്ധ്യാവന്ദനവും സ്വാദ്ധ്യായവും ചെയ്യുന്ന ഏതൊരു പുരോഹിതനും ഒരു കരിങ്കൽക്കഷണത്തെയോ ഒരു ലോഹക്കഷണത്തെയോ ചൈതന്യോപാധിയാക്കി മാറ്റുവാൻ കഴിയും.

'അർച്ചകസ്യ പ്രഭാവേന ശിലാ ഭവതി ശങ്കരഃ'

ദേവന്റെ മൂലമന്ത്രസ്പന്ദനരൂപിയായ ചൈതന്യം പുറംമതിലിന് ചുറ്റുംവരെ വ്യാപിച്ചിരിക്കും. തന്ത്രസാധനയെക്കുറിച്ച് അറിവില്ലാത്ത ഒരു വ്യക്തി ക്ഷേത്രത്തിൽക്കടന്ന് ഭക്തിനിർഭരമായ മനസ്സോടുകൂടി ദേവനെ പ്രാർത്ഥിക്കുമ്പോൾ മാനസികമായി നേടുന്ന താദാത്മ്യഭാവം ആ സാധകദേഹത്തെ ക്ഷേത്രത്തോട് ട്യൂൺ ചെയ്യുന്നുവെന്ന് ആധുനിക ശാസ്ത്രശൈലിയനുസരിച്ച് പറയുവാൻ സാധിക്കും.

ഇന്നത്തെ ഭൗതികശാസ്ത്രത്തിന്റെ ശാഖയ്ക്കും ശബ്ദതരംഗങ്ങളുടെ പഠനത്തിൽ തെളിയിച്ചിട്ടുള്ള അനുരണനപ്രക്രിയ (Sympathetic vibration theory) ക്ഷേത്രങ്ങളിൽ സംഭവിക്കുന്നുണ്ട്. ഈ ട്യൂണിങ് സമ്പ്രദായം എളുപ്പത്തിൽ മനസ്സിലാക്കുവാൻ വേണ്ടി 'ക്ഷേത്രചൈതന്യ രഹസ്യം' എന്ന ഗ്രന്ഥത്തിൽ സ്വർഗ്ഗീയ മാധവ്ജി വിശദീകരിക്കുന്ന ഉദാഹരണം ഇപ്രകാരമാണ്.

'കമ്പികളുടെ സ്പന്ദിക്കുന്ന ഭാഗം ഒരേ നീളത്തിലാക്കിയ രണ്ടു വീണകൾ അടുത്തടുത്തു വച്ച് ഒരു വീണയെ മാത്രം ശബ്ദിപ്പിച്ചാൽ മറ്റേ വീണയും അനുരണനപ്രക്രിയകൊണ്ട് അതേ നാദം പുറപ്പെടുവിക്കും എന്നത് ശാസ്ത്രീയപരീക്ഷണങ്ങളാൽ തെളിയിക്കപ്പെട്ടു കഴിഞ്ഞു. ക്ഷേത്രമാകുന്ന ശരീരത്തിൽ മന്ത്രചൈതന്യം ശക്തമായി സ്പന്ദിക്കുമ്പോൾ ആ സ്പന്ദകോശത്തിൽ ഭക്തിഭാവത്താൽ ദേവനോട് താദാത്മ്യം ഭാവിച്ച സാധകന്റെ ദേഹത്തിൽ ക്ഷേത്രശരീരത്തിൽ സ്പന്ദിക്കുന്ന മന്ത്രങ്ങൾ സ്ഫുരിക്കുവാൻ തുടങ്ങും.' ▸▸

▶▶ ശ്രീകൃഷ്ണ പരമാത്മാവ് അർജ്ജുനനോട് ഈ ക്ഷേത്രശരീര-മനുഷ്യശരീര ബന്ധത്തെപ്പറ്റി ഉപദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

'ഇദം ശരീരം കൗന്തേയ! ക്ഷേത്രമിത്യഭിധീയതെ.'

ശ്രീകോവിൽ തലയാണടുത്ത ബലിവട്ടം താൻ മുഖം
മണ്ഡപം സാക്ഷാത്കണ്ഠമതാണ് ചുറ്റിലുമെഴും ചുറ്റമ്പലം
കയ്യുകൾ
ശ്രീകാളുന്ന വിളക്കുമാടബലിവട്ടങ്ങൾ വയർ കാലുകൾ
പ്രാകാരങ്ങൾ പദങ്ങൾ ഗോപുരഗണം - ക്ഷേത്രം മഹാസാധകൻ.

- വിശ്വകർമ്മീയം

ഔഷധസസ്യങ്ങൾ - 2

# കടുക്ക

ഉണ്ണികൃഷ്ണൻ കിഴുത്താനി

ആയുർവേദത്തിലെ അമൂല്യമായ ത്രിഫല വിഭാഗത്തിൽപ്പെടുന്ന 'കടുക്ക'യാണ് ഈ പംക്തിയിൽ ഇപ്രാവശ്യം പരിചയപ്പെടുത്തുന്നത്. 'കടുക്ക' 'നെല്ലിക്ക' 'താന്നിക്ക' ഇവയാണ് ത്രിഫല എന്നറിയപ്പെടുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെ, അത്രമാത്രം ഫലദായിനിയാണ് ഇവ മൂന്നും.

മൂത്ത ഫലത്തിന്റെ തോട് (തൊണ്ട്) ആണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. കടുക്കയുടെ ആകൃതിയും ദേശാന്തരവ്യത്യാസവുമനുസരിച്ച് ഭാരതത്തിൽ ഇവയെ ഏഴായി വിഭജിച്ചിരിക്കുന്നു. വിജയ, രോഹിണി, പൂതന, അമൃത, അഭയ, ജീവനി, ചേതകി എന്നിവയാണ്. ഹിമാലയസാനുക്കളിലാണ് കടുക്ക കൂടുതലായി കണ്ടുവരുന്നത്. ത്രിദോഷസിദ്ധാന്തങ്ങളിലും പ്രയോജനപ്പെടുന്നു ഈ ഓഷധി. ഉപയോഗങ്ങളെപ്പറ്റി പരാമർശിക്കുകയാണെങ്കിൽ ബാഹ്യലേപനങ്ങൾ, ശോഫ (നീര്) ഹരവും, വ്രണശോധനവുമാണ്. കൂടാതെ വ്രണരോപണവുമാണ്.

ആന്തരികമായ ഉപയോഗങ്ങൾ അനവധിയാണ്. കണ്ണിന് കൂടുതൽ കാഴ്ചശക്തി നൽകും, മലശോധന ഉണ്ടാക്കും. ഹൃദയത്തെ ഉത്തേജിപ്പിച്ച് രോഗം ഇല്ലായ്മചെയ്യും. കൃമിരോഗങ്ങൾ നശിപ്പിക്കും. കൂടാതെ കഫം ഇല്ലായ്മചെയ്യും. സർവ്വോപരി രസായനൗഷധവുമാണ്.